# അദ്ധ്യായം 9

# ഉത്തരവാദപ്പെട്ട അടിമത്വം

കൊരിന്തിൽ വിഗ്രഹാർപ്പിതം ഭക്ഷിച്ചുകൊണ്ട് തങ്ങളെ ന്യായീകരിക്കുന്ന ആളുകൾക്ക് രണ്ട് സമീപനങ്ങളാണ് ഉണ്ടായിരുന്നത്. ആദ്യത്തേത്, ജ്ഞാനത്തോടു ബന്ധപ്പെട്ടിട്ടുള്ളതാണ്. വിഗ്രഹാരാധനയുടെ പ്രധാനപ്പെട്ട ഭാഗം, അവർ പറഞ്ഞു, മനപൂർവ്വമാണെന്ന്. വിഗ്രഹാരാധന നടത്തുന്നതിനു വേണ്ടി, അവർ വിചാരിച്ചിരുന്നത് ഒരു ആരാധിക്കുന്ന വ്യക്തി ഏതു വസ്തുവിനെയാണോ ആരാധിക്കുന്നത് ആ വസ്തു ഉണ്ടെന്ന് വിശ്വസിക്കണമെന്നുള്ളതാണ്. മനസ്സിന്റെ ഒരു പ്രവൃത്തിയായിട്ടാണ് അവർ വിഗ്രഹാരാധനയെ കണ്ടിരുന്നത്, ശരീരത്തിന്റെയല്ല.

രണ്ടാമത്തേത്, പൗലോസിനോട് ചോദ്യം ചോദിച്ച ആളുകൾ വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽവച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് വിലക്കുമ്പോൾ അത് തങ്ങളുടെ സ്വാതന്ത്ര്യത്തെ അനാവശ്യമായി ഹനിക്കുകയല്ലേ എന്ന് ചിന്തിച്ചു. ക്രിസ്ത്യൻ മൂല്യങ്ങളിൽ ഉയർന്ന സ്ഥാനമുള്ളതാണ് സ്വാതന്ത്ര്യം. പാപികളുമായി ഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യത്തെ പരിശൻമാരെ അഭിമുഖീകരിച്ചുകൊണ്ട് യേശു നേടിയത് (മത്താ. 9:10–13). യെഹൂദാ ക്രിസ്ത്യാനികൾ യെരുശലേമിൽ വച്ച് പത്രോസിനെ വിമർശിച്ചപ്പോൾ അവൻ പ്രതിപാദം പറഞ്ഞത് അഗ്രചർമ്മികളോടൊപ്പം ഭക്ഷണത്തിനിരുന്നു എന്നുള്ളതിനെക്കുറിച്ചാണ്. (പ്രവൃ. 11:3). ന്യായപ്രമാണത്തിന്റെ ആചാര നിബന്ധനകളിൽ നിന്നും ക്രിസ്ത്യാനികൾ സ്വതന്ത്രരാണെന്ന് പൗലോസ് പറഞ്ഞിട്ടുണ്ട്, (ഗലാ. 5:1) വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിലെ ജാതീയ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്ന കൊരിന്തിലെ സഹോദരങ്ങൾ വിഗ്രഹാരാധന എന്ന അപകടത്തിൽ നിന്നും അവർ സ്വതന്ത്രരാണെന്ന് തർക്കിച്ചിരുന്നത്, അന്യദൈവങ്ങൾ നിലനില്ക്കുന്നില്ല എന്ന അവരുടെ അറിവിനാലാണ്. അവർ ചിന്തിച്ചിരുന്നത് വിഗ്രഹാരാധനയെ അവരിലും വ്യത്യസ്തമായി നിർവചിക്കുന്ന ഒരാൾക്ക് അവരുടെ സ്വാതന്ത്ര്യത്തെ വിലക്കുവാൻ കഴിയില്ലെന്നാണ്.

വിഗ്രഹാരാധനയെക്കുറിച്ചുള്ള വിമർശകരുടെ നിർവചനത്തെ നിരസിച്ചുകൊണ്ട് പൗലോസ് ആദ്യവാദത്തെ നേരിടുന്നത്. ജ്ഞാനം എത്രയുണ്ടെങ്കിലും, പൗലോസ് പറഞ്ഞു, സത്യത്തെ ഇല്ലാതാക്കുവാൻ കഴിയില്ല. വിഗ്രഹങ്ങളിരിക്കുന്ന സ്ഥലത്തേക്ക് ഒരു വ്യക്തി കടന്നു ചെല്ലുകയും, പുരോഹിതൻ ദൈവത്തിനായി സമർപ്പിക്കുന്ന മൃഗത്തെ കാണുകയും, വിഗ്രഹാരാധികളോടൊപ്പം ഒന്നിച്ചിരിക്കുകയും, ഭക്ഷണത്തിൽ പങ്കാളിയാവുകയും ചെയ്യുമ്പോൾ, അവർ ചെയ്യുന്നത് വിഗ്രഹാരാധനയാണ്. ബുദ്ധിപരമായ നിർവചനത്തിനോ ഉന്നതമായ മാനസ്സിക ചിന്തയ്ക്കോ അതിനെ മാറ്റുവാൻ കഴിയില്ല. ഒരുവൻ എന്താണോ ശരീരം കൊണ്ട് ചെയ്യുന്നത് അത് അവൻ ഒരു മുഴു വ്യക്തിയെന്നുള്ള നിലയിൽ ചെയ്യുന്നതാണ്. പൗലോസിന്റെ വാദം അർത്ഥമുള്ളതാണ്; അവന്റെ പഠിപ്പിക്കലിൽ ഇതിന് സ്ഥിരത ഉണ്ടായിരുന്നു. മുമ്പ് അപ്പോസ്തലൻ നിരീക്ഷിച്ചിരുന്ന ഒരു കാര്യം ക്രിസ്ത്യാനികൾ കഴുക

പ്പെട്ടവരും വിശുദ്ധീകരിക്കപ്പെട്ടവരും ആണെന്നുള്ളതാണ്. ക്രിസ്തുവിന്റെ അവയവങ്ങളാണ്, നിങ്ങളുടെ ശരീരങ്ങളെന്ന്, അവൻ വാദിച്ചു. ലഭിക്കാവുന്നതിൽ നല്ലൊരു പുനർനിർവചനമാണ് സ്വയംഭോഗം, ജ്ഞാനത്തിൽ ആശ്രയിക്കാതെ, ആത്മീകവും ജഡീകവും തമ്മിൽ യോജിക്കാതെ, വേശ്യയുമായുള്ള ഒരു വ്യക്തിയുടെ സംയോജനം നീതീകരിക്കാനാവാത്തത് (6:11–15), അതുകൊണ്ട് ജ്ഞാനത്തിൽ ആശ്രയിക്കാതെ, മാനസ്സിക ഉന്നതിക്ക് പ്രാധാന്യം കൊടുക്കാതെ, വിഗ്രഹാരാധന എന്താണെന്നുള്ളത് വ്യക്തമാക്കി നൽകുന്നു. ഒരു വ്യക്തി വിഗ്രഹാരാധകർക്കൊപ്പം ഇരിക്കുകയും അവർ ചെയ്യുന്നത് ചെയ്യുകയും ചെയ്യുമ്പോൾ, അവൻ അവരോടൊപ്പം ആരാധിക്കുന്നു. ഏകസത്യദൈവത്തിന്റെ ഉന്നതമായ തേജസ്സിനെ ഒരു വിഗ്രഹവുമായി അവൻ പങ്കുവയ്ക്കുന്നു. മാനസ്സിക വിശാലതയുടെ അടിസ്ഥാനത്തിൽ പെരുമാറ്റത്തെ നീതികരിക്കുമ്പോൾ മതവിദ്വേഷം ഉണ്ടാകുന്നു. അത്തരം സാഹചര്യങ്ങളിൽ, നിയമപ്രകാരമല്ലാത്തതായി ഒന്നുംതന്നെ കാണുകയില്ല.

വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ ഭക്ഷണത്തിന്നിരിക്കുന്നതിലൂടെ സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങൾ ഉള്ളവരാണ് സ്വാതന്ത്ര്യത്തെ വിലക്കുന്നു എന്ന വാദവുമായി വന്നത്. ഒരു വ്യക്തിക്ക് ചെയ്യുവാനും ചെയ്യാതിരിക്കാനും ഉള്ള കാര്യങ്ങളെപ്പറ്റി ദൈവം നിർവചിച്ചിട്ടുണ്ട്. അതിനെയാണ് ക്രിസ്തീയ സ്വാതന്ത്ര്യമെന്ന് പറയുന്നതെന്നാണ് പൗലോസ് പ്രതികരിച്ചത്. സഭയുടെ വളർച്ചയ്ക്കും സമാധാനത്തിനും ഒരു വ്യക്തിയുടെ പെരുമാറ്റം ഭീഷണിയാകുമ്പോൾ – വിശ്വാസസമൂഹത്തെ സംബന്ധിച്ച് – ഇത് ഒരു തെറ്റായി മാറുന്നു. സഹവിശ്വാസിക്കെതിരെ നിയമപരമായി കേസ് കൊടുത്തു എന്നുള്ളതിനോട് ബന്ധപ്പെട്ട് പൗലോസ് ഈ കാര്യം മുമ്പ് പ്രസ്താവിച്ചിട്ടുണ്ട് (6:7). ബഹഹീനരായ സഹോദരങ്ങൾക്ക് വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിലിരിക്കുന്നത് ഇടർച്ചയാണെങ്കിൽ, ഒരു വ്യക്തി അതിനെ എങ്ങനെയൊക്കെ പ്രതിരോധിച്ചാലും, അത് ഒരു തെറ്റായ ശീലമാണെന്ന് പൗലോസ് പറയുന്നു. ജ്ഞാനത്തോട് ബന്ധപ്പെട്ടുള്ള നീതീകരണത്തിൽ അവന്റെ എതിരാളികൾ ശരിയാണെങ്കിൽ പോലും, ആത്മീക പക്വതക്കുറവുള്ള സഹോദരൻമാരുടെയും സഹോദരിമാരുടെയും വിശ്വാസത്തെ ഇല്ലായ്മ ചെയ്യുന്നതിനോട് ക്രിസ്തീയ സ്വാതന്ത്ര്യത്തെ ഒരിക്കലും നീതീകരിക്കുവാനാവില്ല.

## പൗലോസിന്റെ അപ്പോസ്തൊലിക അവകാശങ്ങൾ
## (9:1, 2)

**[1]ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അപ്പൊസ്തലൻ അല്ലയോ? നമ്മുടെ കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ? കർത്താവിൽ ഞാൻ ചെയ്ത പ്രവൃത്തിയുടെ ഫലം നിങ്ങൾ അല്ലയോ? [2]മറ്റുള്ളവർക്കു ഞാൻ അപ്പൊസ്തലൻ അല്ലെന്നു വരുകിൽ, എങ്ങനെയെങ്കിലും നിങ്ങൾക്ക് ആകുന്നു; കർത്താവിൽ എന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര നിങ്ങളല്ലോ.**

**വാക്യങ്ങൾ 1, 2.** തുടർന്നുള്ള ഈ ചോദ്യങ്ങൾ തമ്മിലുള്ള ബന്ധം ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അപ്പോസ്തലൻ അല്ലയോ? നമ്മുടെ കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ? കൂടാതെ കർത്താവിൽ ഞാൻ ചെയ്ത പ്രവൃത്തിയുടെ ഫലം നിങ്ങൾ അല്ലയോ? വിഗ്രഹാരാധനയു

മായുള്ള ബന്ധത്തിൽ കണ്ടുപിടിക്കാൻ പ്രയാസമാണ്. ഈ വേദഭാഗത്തിന്റെ പശ്ചാത്തലം വളരെ പ്രധാനപ്പെട്ടതാണ്. കൊരിന്ത് സഭ പൗലോസിന് അയച്ച ചോദ്യങ്ങളുടെ ഉത്തരങ്ങൾ നല്കിക്കൊണ്ടാണ് പൗലോസ് 7-ാം അദ്ധ്യായം ആരംഭിച്ചത്. "കാര്യം പറഞ്ഞാലോ" എന്ന് 8:1 ൽ പറഞ്ഞു തുടങ്ങുന്നത് വിഗ്രഹാരാധനയോടു സംബന്ധിച്ചുള്ള ചോദ്യങ്ങളുടെ ഉത്തരമാണ്. ഒറ്റ നോട്ടത്തിൽ, അദ്ധ്യായങ്ങൾ 9 മുതൽ 11 വരെയുള്ളവ കൊരിന്ത്യർ ചോദിച്ച ചോദ്യങ്ങളിൽ നിന്ന് മാറി നില്ക്കുന്നതായി തോന്നാം. എന്തായിരുന്നാലും കൂടുതൽ പരിശോധിക്കുമ്പോൾ അപ്പൊസ്തലൻ വിഷയം മാറ്റുകയല്ലായിരുന്നുവെന്ന് മനസ്സിലാക്കാം. കൂടാതെ, ഈ ലേഖനത്തിന്റെ സ്വീകർത്താക്കൾ അവരുടെ സ്വാതന്ത്ര്യത്തെയും സ്വാധീനത്തെയും എങ്ങനെ പരിഗണിക്കണമെന്ന് തന്റേതായ മാതൃകയിലൂടെ അവൻ വെളിപ്പെടുത്തുകയായിരുന്നു. അവൻ സാധാരണ ചെയ്യുന്നതുപോലെ അവനെത്തന്നെ ഒരു മാതൃകയായി കാണിച്ചു നല്കി. കൊരിന്തിലുള്ള വിശ്വാസികൾ പുതുതായി ദൈവം വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കരുതെന്ന് വിലക്കുകയാണെങ്കിൽ, അത് ഒരിക്കലും പൗലോസ് അവരുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഒരു വിലക്കല്ല. അപ്പൊസ്തലൻ പഠിപ്പിക്കുന്നത് ക്രിസ്തുവിനെ ക്രിസ്തുവിന്റെ – അനുയായികൾ മാതൃകയാക്കേണം എന്നുള്ളതാണ്.

9:1 ൽ പൗലോസ് ചില ആലങ്കാരിക ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ "അതെ" എന്നാണ് അവയുടെ ഉത്തരം. അതെ, അവൻ സ്വതന്ത്രനാണ്. തീർച്ചയായും, അവൻ ഒരു അപ്പൊസ്തലനാണ്. യേശു കർത്താവിനെ അവൻ കണ്ടിട്ടുണ്ട്. അതെ, കൊരിന്തിലുള്ളവരാണ് അവൻ ചെയ്ത പ്രവൃത്തിയുടെ ഫലം. എന്തായിരുന്നാലും, പൗലോസ് സ്വതന്ത്രനായിരിക്കുന്നതും, കർത്താവിനെ അവൻ കണ്ടതും, കർത്താവിൽ അവന്റെ ശുശ്രൂഷയും പ്രധാന അവകാശത്തിന് താഴെയായി നില്ക്കുന്നു: അവന്റെ ദൗത്യം വലയം ചെയ്തിരിക്കുന്നത് ഉത്തരവാദിത്തം, അധികാരം, കൂടാതെ അപ്പൊസ്തൊലത്തിന്റെ അവകാശങ്ങളും ഉൾപ്പെടെയാണ്. അവൻ ഒരു അപ്പൊസ്തലനായത്, കൊരിന്ത്യർക്കായി യേശുക്രിസ്തുവിനെ ശുശ്രൂഷിക്കുന്നതിലൂടെയാണ്, പൗലോസ് തന്റെ അവകാശങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിലുപരിയായി കഷ്ടതകളാണ് തിരഞ്ഞെടുത്തത് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കാമെന്ന് പറയുന്നതിന് പ്രാധാന്യം കൊടുത്തവർ തങ്ങൾ സ്വതന്ത്രരെന്ന് പറഞ്ഞപ്പോൾ അതിനെ വെല്ലുവിളിച്ചുകൊ് പൗലോസ് പറഞ്ഞത്; അവർ പൗലോസ് എങ്ങനെ തന്റെ സ്വാതന്ത്ര്യത്തെ ഉപയോഗിക്കുന്നുവോ അതുപോലെ ഉപയോഗിക്കണമെന്നാണ്. അവൻ എങ്ങനെ കാര്യങ്ങളെ ചെയ്യുന്നുവോ അതുപോലെ അവരും അനുഗമിക്കുമ്പോൾ, ക്രിസ്തുവിന്റെ രാജ്യത്തിനു വേണ്ടി ചില അവകാശങ്ങൾ വിട്ടുകൊടുക്കുവാൻ അഭിപ്രായപ്പെടുന്നു.

കർത്താവിനെ ഞാൻ കിട്ടില്ലയോ എന്ന ചോദ്യത്തിനു പിന്നാലെ അപ്പൊസ്തലത്തെപ്പറ്റിയുള്ള പൗലോസിന്റെ ചോദ്യം വന്നതിനു ഒരു കാരണമുണ്ട്. ഈ ചോദ്യങ്ങളുടെ ക്രമം മനസ്സിലാക്കിത്തരുന്നത് കർത്താവിനെ കണ്ടതും പൗലോസിന്റെ അപ്പൊസ്തലത്വവും തമ്മിലുള്ള ബന്ധത്തെയാണ്. ഉയർത്തെഴുന്നേറ്റ യേശുവിനെ വ്യക്തിപരമായി കാണുക എന്നുള്ളത് അവന്റെ അപ്പൊസ്തലത്വത്തിന്റെ ആവശ്യകത ആയിരുന്നു (പ്രവൃ. 1:21, 22). യേശുവിന്റെ ഉയർത്തെഴുന്നേല്പിനു ശേഷമുള്ള പ്രത്യക്ഷതയെക്കുറിച്ച് പൗലോസ് പിന്നീട് പ്രസ്താവിക്കുമ്പോൾ, അവൻ ശ്രദ്ധയോടെ പറഞ്ഞത്, "... എല്ലാവർക്കും

അവസാനം ... അവൻ എനിക്കും പ്രത്യക്ഷനായി" (1 കൊ. 15:8). കേഫാവിനെയും അഞ്ഞൂറിൽപരം ആളുകൾക്കും യേശു പ്രത്യക്ഷപ്പെട്ടതിനെ പൗലോസ് ദമസ്കോസിലേക്കുള്ള വഴിയിൽ തനിക്ക് പ്രത്യക്ഷപ്പെട്ടതിനോട് സമമാക്കുന്നു. യെരുശലേമിലുള്ള മറ്റു അപ്പൊസ്തലൻമാരെപോലെ തന്നെയാണ് താനും എന്ന വാദത്തെ ശക്തിപ്പെടുത്തുന്നു (2 കൊ. 11:5; ഗലാ. 1:15, 16).

കൊരിന്തിലെ സഭയുമായുള്ള പൗലോസിന്റെ ബന്ധം ഈ സമയത്ത്, അവന്റെ അവകാശങ്ങൾ വലിയ വെല്ലുവിളികൾ നേരിട്ടിരുന്നുവെന്ന് ഇവിടെ കാണാൻ കഴിയുന്നില്ല. പൗലോസിന്റെ അധികാരത്തോടുള്ള സഭയുടെ ബഹുമാനത്തെയാണ് (7:1) ഇവിടെ അവന്റെ ഉപദേശത്തെ സഭ അന്വേഷിക്കുന്നതിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നത്. കൊരിന്തിലുള്ളവർക്ക് പൗലോസിനെ വ്യക്തമായി അറിയാവുന്നതുകൊണ്ട് 9:1 ൽ ചോദിച്ചിരിക്കുന്ന ആലംകാരിക ചോദ്യങ്ങൾക്കുള്ള മറുപടി അവരിൽ നിന്ന് പ്രതീക്ഷിച്ചിരുന്നതായി കാണുവാൻ കഴിയുന്നു. പൊതു സമ്മതത്താൽ, പൗലോസ് സ്വതന്ത്രനും, അവൻ ഒരു അപ്പൊസ്തലനും അവൻ കർത്താവിനെ കണ്ടവനും, കൂടാതെ കർത്താവിൽ കൊരിന്ത്യരാണ് അവന്റെ അദ്ധ്വാന ഫലവുമായിരുന്നത്. പൗലോസ് 2 കൊരിന്ത്യർ എഴുതുമ്പോൾ, അവന്റെ അപ്പൊസ്തലത്വം സംശയത്തിന്റെ നിഴലിലായിരുന്നു (2 കൊ. 11:22–29); എന്നാൽ 1 കൊരിന്ത്യർ എഴുതുമ്പോൾ അവന്റെ അപ്പൊസ്തലത്വം കൊരിന്തിലുള്ളവർ അംഗീകരിച്ചിരുന്നു.

കൊരിന്ത്യർക്കഴുതിയ രാം ലേഖനത്തിൽ പറയുന്നത് പുതിയതായി രൂപീകരിക്കപ്പെട്ട സഭയിലെ സാഹചര്യങ്ങൾ പെട്ടെന്ന് മാറി. 1 കൊരിന്ത്യർ എഴുതിയതിനു ശേഷം, യെരുശലേം സഭയിൽ നിന്നയച്ച, പുതിയ ഉപദേഷ്ടാക്കൻമാർ കൊരിന്തിൽ വന്നു. പൗലോസിന് അസഹനീയമായി തോന്നിയത് "കള്ള അപ്പൊസ്തലന്മാരെ" സഭ സ്വീകരിക്കുകയും അവരുടെ വാക്ക് കേൾക്കുകയും ചെയ്തതാണ്. അപ്പൊസ്തലൻമാർ എന്നു വിളിക്കപ്പെട്ടിരുന്ന ഇവരെ പ്രസാദിപ്പിക്കുവാനായി കൊരിന്തിലെ നല്ല ശതമാനം ആളുകൾ പൗലോസിന്റെ അധികാരത്തെ ചോദ്യം ചെയ്തു. എന്തായിരുന്നാലും, പൗലോസിന്റെ പ്രതിരോധ വാക്കുകളായി 2 കൊരിന്ത്യർ 10–13 വരെ കാണുന്നവ 1 കൊരിന്ത്യ ലേഖനത്തിലില്ല.

പൗലോസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത് അപ്പൊസ്തലത്വത്തെപ്പറ്റി യാതൊരു ഭീഷണിയുമില്ലെന്നാണ്. ഡേവിഡ് ഇ ഗാർലാൻഡ് ഈ നിരീക്ഷണം നടത്തി:

> ... സമൂഹത്തെ നശിപ്പിക്കുകയും പൗലൊസിനെ സംശയിച്ചു കൊണ്ടുള്ള വിഷവിത്തുകൾ പാകുകയും ചെയ്തിരുന്ന ആളുകളെ അവൻ പരിഗണിച്ചിരുന്നെങ്കിൽ, സാധാരണയായി ഉപയോഗിച്ചിരുന്ന τινες, (*ടിനെസ്*, നിശ്ചയമായിട്ടുള്ളവ; സി എഫ്, റോമ. 3:8; 16:17–18; 2 കൊ. 3:1; ഗലാ. 1:7)[1]

പൗലൊസിന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്ത ആളുകൾ, തീർച്ചയായും കൊരിന്തിൽനിന്നുള്ളവരായിരിക്കില്ല. അവൻ പറഞ്ഞത്, മറ്റുള്ളവർക്ക് ഞാൻ അപ്പൊസ്തലൻ അല്ലെന്നു വരുകിൽ, എങ്ങനെയെങ്കിലും നിങ്ങൾക്ക് ആകുന്നു.

പൗലൊസിന്റെ ശ്രേഷ്ഠമായ അവബോധമാണ് ഒരു സഭാ നേതാവെന്നുള്ള നിലയിൽ അവന്റെ വിജയം. കൊരിന്തിലെ സഹോദരൻമാർക്കുണ്ടാ

യിരുന്നതുപോല തന്നെ സത്യസന്ധമായ, സ്നേഹമാണ് അവനും അവരോട് ഉണ്ടായിരുന്നത്. അവർ തമ്മിലുള്ള ബന്ധത്തിന്റെ സൽപേര് 9:2 ൽ കാണാവുന്നതാണ്. അപ്പൊസ്തലനും കൊരിന്തിലെ സഭാംഗങ്ങളും ഒരുപോലെ സന്തോഷിച്ചിരുന്ന ആശയമാണ് പൗലൊസിന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര അവരാണെന്ന് പറഞ്ഞത് (2 കൊ. 3:2 നോക്കുക). പൗലൊസിന്റെ അധികാര സാക്ഷ്യമാണ് അവരുടെ ക്രിസ്തുവിലുള്ള പ്രത്യാശ.

## പൗലൊസിന്റെ വ്യക്തിപരമായ അവകാശങ്ങൾ (9:3-7)

**[3]എന്നെ വിധിക്കുന്നവരോടു ഞാൻ പറയുന്ന പ്രതിവാദം ഇതാകുന്നു: [4]തിന്നുവാനും കുടിക്കുവാനും ഞങ്ങൾക്ക് അധികാരമില്ലയോ? [5]ശേഷം അപ്പൊസ്തലൻമാരും കർത്താവിന്റെ സഹോദരൻമാരും കേഫാവും ചെയ്യുന്നതുപോലെ ഭാര്യയായോരു സഹോദരിയുമായി സഞ്ചരിക്കുവാൻ ഞങ്ങൾക്ക് അധികാരമില്ലയോ? [6]അല്ല വേല ചെയ്യാതിരിക്കുവാൻ എനിക്കും ബർന്നബാസിനും മാത്രം അധികാരമില്ല എന്നുണ്ടോ? [7]സ്വന്ത ചെലവിൻമേൽ യുദ്ധസേവ ചെയ്യുന്നവൻ ആര്? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആര്? ആട്ടിൻകൂട്ടത്തെ മേയിച്ച് കൂട്ടത്തിന്റെ പാൽകൊണ്ട് ഉപജീവിക്കാതിരിക്കുന്നവൻ ആര്?**

**വാക്യം 3.** വിഗ്രഹാരാധനയ്ക്കെതിരെയുള്ള തന്റെ ഉറച്ച നിലപാട് വെല്ലുവിളി ഉളവാക്കുമെന്ന് പൗലൊസ് പ്രതീക്ഷിച്ചിരുന്നു. കൊരിന്തിൽ താമസിക്കുന്നവരുമായി തന്റെ സാഹചര്യങ്ങൾ വ്യത്യസ്തമായിരുന്നതിനാൽ തന്റെ പദ്ധതിയെ ചോദ്യം ചെയ്യുമെന്ന് പൗലൊസ് മനസ്സിലാക്കിയിരുന്നു. വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ ഇരിക്കുന്നത് നിരസിക്കുന്നതിലൂടെ തനിക്ക് സാമ്പത്തികമോ സാമൂഹികമവുമായ യാതൊരു നഷ്ടവും വരില്ലെന്ന് അറിയാമിയിരുന്നു. കൊരിന്തിലുള്ള ചില ആളുകളെങ്കിലും ഇതുപോലെ ചെയ്തിരുന്നു. സ്വയമേ നല്കേണ്ടിയ ആവശ്യില്ലെങ്കിലും മറ്റുള്ളവരോട് നല്കുവാൻ പറയുന്നത് ഉപദേഷ്ടാക്കൻമാരെ സംബന്ധിച്ച് എളുപ്പമുള്ള കാര്യമായിരുന്നു.

പൗലൊസിന്റെ പ്രതിവാദം വിശേഷാൽ ഇങ്ങനെയായിരുന്നു: "വിഗ്രഹാർപ്പിതങ്ങളെ ഞാൻ ഒഴിവാക്കുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന അതേ അനന്തരഫലങ്ങൾ തന്നെയാകണമെന്നില്ല. എന്തായിരുന്നാലും, മറ്റു സാഹചര്യങ്ങളിൽ, നിങ്ങൾക്കുണ്ടാകുന്നതുപോലെയുള്ള ഒരു നഷ്ടം എനിക്കും ഉണ്ടാകുന്നുണ്ട്". താൻ ശരിയായ ഒരു മാതൃകയാകണമെന്ന് പൗലൊസിന് ആഗ്രഹമുണ്ടായിരുന്നു. അവൻ പ്രവർത്തിച്ചിരുന്നത് അനായാസമായല്ല, മറിച്ച് തത്വത്തിലാണ് അവരിൽ നിന്നും അവൻ പ്രതീക്ഷിച്ചതുപോലെ, എല്ലാവർക്കും നല്ലത് എന്തെന്ന് പരിഗണിച്ചു ചെയ്യുന്നതിനു പകരം അസന്തുഷ്ടി നിറഞ്ഞ അനന്തരഫലങ്ങളാണ് പൗലൊസിന് നേരിടേണ്ടിവന്നത്. ബലഹീന ക്രിസ്ത്യാനികൾക്ക് വിശ്വാസസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാക്കാതെയാണ് അവൻ തന്റെ അവകാശത്തെ വിനിയോഗിച്ചിരുന്നത്. പൗലൊസിന്റെ "പ്രതിവാദം" ആരംഭിക്കുന്നത് സ്ഥിരതയുള്ള പ്രവൃത്തിക്ക് ഉടമയാണ് താനെന്ന അവകാശവാദതോടെയാണ്.

വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് വിഗ്ര

ഹാരാധനയാണ് എന്ന് പൗലൊസ് പറയുമ്പോൾ, അവൻ തന്നിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ നിന്നപ്പുറമായി കൊരിന്തിലുള്ള വിശ്വാസികളിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. അവന്റെ വ്യക്തിപരമായ പെരുമാറ്റം അവന്റെ സാൻമാർഗ്ഗികവും മതപരവുമായ പ്രബോധനത്തിന് ശക്തി നല്കി. ക്രിസ്തുവിനെ പ്രഘോഷിക്കുന്ന ഏവരുടെയും മാർഗ്ഗം ഇതുതന്നെ ആയിരിക്കണം. വ്യക്തിപരമായ മാതൃകയും ആശയപരമായ തത്വവും ഒന്ന് ഒന്നിനെ ശക്തീകരിക്കാനും. അങ്ങനെയല്ല സംഭവിക്കുന്നതെങ്കിൽ ഒരുവൻ മാതൃകയില്ലാത്ത ജീവിതം മൂലം സുവിശേഷത്തെ ദുഷിക്കുവാൻ കാരണമായിത്തീരുന്ന സാഹചര്യങ്ങളിലേക്ക് നയിക്കപ്പെടുവാൻ ഇടയാകും.

**വാക്യം 4.** എതിർത്തവരുടെ മുമ്പാകെ കൂടുതൽ അലങ്കാര ചോദ്യങ്ങൾ ഉന്നയിച്ചതാണ് 9:4–7 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. പൗലൊസ് ആദ്യം ചോദിച്ചത്, തിന്നുവാനും കുടിക്കുവാനും ഞങ്ങൾക്ക് അധികാരമില്ലയോ? തീർച്ചയായും ഉത്തരം "ഞങ്ങൾക്കുണ്ടെന്ന്" തന്നെയാണ്. വളരെ രാജകീയമായി "ഞങ്ങൾ" എന്ന് ഉപയോഗിച്ചിരിക്കുന്നത്, മറ്റു അപ്പൊസ്തലൻമാരെയും സുവിശേഷകരെയും തന്നോടൊപ്പം ചേർത്തുനിർത്തിക്കൊണ്ട്. ഒരു നിഷേധപദമായ μὴ οὐκ (*മേ ഔക്ക്*, "ഞങ്ങൾക്കില്ലയോ") എന്ന പദം ഉപയോഗിച്ചിരിക്കുന്നത് യവനഭാഷയിലെ ഏറ്റവും ഊന്നൽ കൊടുക്കുന്ന പദമായതിനാലാണ്. താക്കോൽഡക്ക് ἐξουσία, (*എക്സൂസിയ*, "അധികാരം, അവകാശം") എന്നതാണ്. പേരിലൂടെ സ്വഭാവം "വിവരിക്കുന്ന" രീതി ഉപയോഗിക്കുമ്പോൾ, ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളായിട്ടാണ് പൗലൊസ് ഭക്ഷണത്തെയും പാനീയത്തെയും ഉപയോഗിച്ചിരുക്കുന്നത്. അപ്പൊസ്തലൻമാർക്ക് ജീവിക്കാൻ ആവശ്യമായ ഭൗതീക വിഭവങ്ങൾ സഭയിൽ നിന്ന് പ്രതീക്ഷിക്കുവാൻ അവകാശമുണ്ടായിരുന്നു. പൗലൊസിന്റെ "ഭക്ഷിക്കുവാനും പാനം ചെയ്യുവാനുമുള്ള അവകാശം" എന്നത് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുവാനുള്ള കൊരിന്ത്യരുടെ അവകാശത്തോട് അല്പമൊക്കെ സാദൃശ്യമുള്ളതായിരുന്നു. ഈ ആശയത്തിൽ ഇവ രണ്ടും സമാന്തരങ്ങളാണ്. അവകാശത്തെ ഒഴിവാക്കുവാനുള്ള തീരുമാനം മറ്റുള്ളവരുടെ ആത്മീകനന്മ പ്രതിക്ഷിച്ചുകൊണ്ടാണ്.

വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽവെച്ച് ഭക്ഷണം കഴിക്കുന്നതിനെ പൗലൊസ് എതിർക്കുവാൻ രണ്ടു പരിഗണനകളാണ് കാരണമായിരിക്കുന്നത്. ആദ്യത്തേത്, വിഗ്രഹാരാധന എന്നുള്ള നിലയിൽ ഇത് പാരമ്പര്യമായി തെറ്റാണ്. നയത്തെക്കുറിച്ചാണ് അവൻ തർക്കിക്കുന്നത്. അവകാശങ്ങളെ മുറുകെ പിടിച്ചുകൊണ്ട് അപ്പൊസ്തലനോ അവന്റെ വായനക്കാരോ മറ്റുള്ളവരെ ഉപദ്രവിക്കേണ്ടതില്ല വിഗ്രഹങ്ങളുടെ മേശയിൽ ഭക്ഷിക്കുന്നത് പൈശാചികമാണെന്ന് അടുത്ത അദ്ധ്യായത്തിൽ പൗലൊസ് വിശദീകരിക്കുന്നു.

**വാക്യം 5.** പൗലൊസ് അതുപോലെ തന്നെ മറ്റു അവകാശങ്ങളെയും പരിത്യജിച്ചു. അവൻ തുടർന്നും ചോദിച്ച നിഷേധപദം ആവർത്തിക്കുന്നു, ഞങ്ങൾക്ക് അധികാരമില്ലയോ ... ? എന്നത് വൈവാഹിക ബന്ധത്തെ കുറിക്കുന്നു. കേഫാവിനും അല്ലെങ്കിൽ കർത്താവിന്റെ സഹോദരൻമാർക്കും ഉള്ളതുപോലെ വിവാഹം കഴിക്കുവാനുള്ള അവകാശം പൗലൊസിനും ഉണ്ടന്ന് അവൻ അഭിപ്രായപ്പെടുന്നു. ഭാര്യക്കോ തന്റെ കൂടെ യാത്ര ചെയ്യുന്ന ഒരു വ്യക്തിക്കോ ഉണ്ടായിരിക്കേണ്ടുന്ന സിദ്ധാന്തങ്ങളെ പൗലൊസ് പരിഗണിച്ചിരുന്നു, എന്നാൽ സഭയിൽ ഉന്നതമായി ബഹുമാനിക്കപ്പെട്ടിരുന്ന

ആളുകൾ തങ്ങളുടെ ഭാര്യമാരെയും കൂടെ കൊണ്ടുപോയിരുന്നു. പൗലൊസ് വിചാരിച്ചത് ഭാര്യയായൊരു സോദരിയുമായി സഞ്ചരിക്കുന്നത് (περιάγειν, *പെരിയാഗെയ്ൻ*) മറ്റുള്ളവർക്ക് സ്വീകാര്യമാണ് എന്നതിലൂടെ അപ്പൊസ്തലന്റെ വിവാഹത്തെക്കുറിച്ചുള്ള അതിയായ ബഹുമാനവും കാണാവുന്നതാണ്. ഭാര്യമാരോടൊത്ത് സഞ്ചരിച്ചിരുന്ന ആരെയും അവൻ വിമർശിച്ചിരുന്നില്ല. ഒറ്റയ്ക്കാണെങ്കിലും കൂട്ടുകാരോടൊപ്പമാണെങ്കിലും, യാത്ര എന്നത് പ്രയാസമുള്ള കാര്യമാണ്; എന്നാൽ തന്റെ സുവിശേഷ ദൗത്യത്തെ ഓർത്ത് പൗലൊസ് അതെല്ലാം സഹിക്കുകയാണ് ചെയ്തത്. മറ്റുള്ളവരെ പഴിക്കാകെ, അവൻ തന്റെ പല സ്വാതന്ത്ര്യവും വേണ്ടെന്ന് വച്ചും ഒരു ശക്തമായ സഭയുടെ രൂപീകരണത്തെ ഓർത്ത് തന്റെ സഹോദരങ്ങളും തന്റെ മാതൃകയാലുള്ള പ്രോത്സാഹനത്താൽ തങ്ങളുടെ "അവകാശങ്ങളെ" വേണ്ടെന്ന് വയ്ക്കുമെന്ന് അവൻ പ്രത്യാശിച്ചു.

പൗലൊസ് ഒരു കാര്യം സ്ഥാപിച്ചെടുക്കുന്നതിലൂടെ, അവൻ പരാമർശിക്കുന്നത് ശേഷം അപ്പൊസ്തലൻമാരും കർത്താവിന്റെ സഹോദരൻമാരും കേഫാവും എന്നത് സൂചിപ്പിക്കുന്നത് ആദിമ നൂറ്റാണ്ടിലെ സഭയുടെ ജീവിതത്തെയാണ്. ശേഷം അപ്പൊസ്തലന്മാരും എന്നത് യേശു തിരഞ്ഞെടുത്ത പന്ത്രണ്ടു ശിഷ്യൻമാരെ കുറിക്കുന്നു. (യൂദാസിനെ ഒഴിവാക്കി മത്ഥ്യാസിനെ തെരഞ്ഞെടുത്തു; പ്രവൃ. 1:21–26) അപ്പൊസ്തലൻ എന്ന പദം പൊതുവായ ചില പ്രത്യേക ദൗത്യങ്ങൾക്ക് സഭയാൽ അയക്കപ്പെടുന്ന ക്രിസ്ത്യാനികളെ സൂചിപ്പിക്കുന്നു (പ്രവൃ. 14:14)[2]; എന്നാൽ പൗലൊസിനെ സംബന്ധിച്ച് കൃത്യമായി ധാരണയുണ്ടായിരുന്നത് പന്ത്രണ്ട് (1 കൊ. 15:5) എന്നുള്ളതാണ്, അതുല്യമായ ദൗത്യത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടവർ പന്ത്രണ്ടു അപ്പൊസ്തലൻമാരും പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടവരും അംഗീകരിക്കപ്പെട്ടവരും ആണെന്ന് മത്തായി, മർക്കോസ്, ലൂക്കൊസ്, അവരുടെ വായനക്കാരും (മത്താ. 10:2; മർ. 3:14; ലൂക്കോ. 6:13) മനസ്സിലാക്കുന്നു. വളരെ കുറച്ചു മാത്രമേ പന്ത്രണ്ടു അപ്പൊസ്തലൻമാരെപ്പറ്റി, പ്രവൃത്തികളിൽ പോലും പറയുന്നുള്ളൂ; പക്ഷെ പൗലൊസും കൊരിന്ത്യസഭയും അവരുടെ ദൈവവചനശുശ്രൂഷയെക്കുറിച്ചെങ്കിലും അറിവുള്ളവരായിയിരുന്നിരിക്കണം. ഒരു പക്ഷെ പൗലൊസ് തന്റെ ഭാര്യയുമായി കൊരിന്തിൽ വന്നിട്ടുണ്ടായിരിക്കും (1 കൊ. 1:12 ന്റെ വിശദീകരണം നോക്കുക).

"കർത്താവിന്റെ സഹോദരൻമാർ" എന്നവർ ഒരു പക്ഷെ ആദിമ നൂറ്റാണ്ടിലെ യെരുശലേം സഭയിൽ വളരെ നല്ല പ്രവർത്തനം കാഴ്ച വച്ചിരുന്നവരാണ്. അവരിൽ രണ്ടുപേർ, യാക്കോബും യൂദയും, പുതിയ നിയമത്തിന്റെ ഒരു ഭാഗം എഴുതിയവരാണ്. (യാക്കൊ. 1:1; യൂദ. 1 നോക്കുക). യാക്കൊബ് കർത്താവിന്റെ സഹോദരൻ (ഗലാ. 1:19), യെരുശലേം സഭയിലെ ഒരു നേതാവ് ആയിരുന്നു (പ്രവൃ. 15:13–21; 21:18). പൗലൊസും കൊരിന്തിലുള്ളവരും കർത്താവിന്റെ സഹോദരൻമാർ നയിച്ചിരുന്ന സുവിശേഷ പ്രവർത്തനങ്ങളെപ്പറ്റി അറിവുള്ളവരായിരുന്നു. ഒരു പക്ഷെ അവർ നാലുപേരും പ്രവർത്തിച്ചിരുന്നിരിക്കണം. (മത്താ. 13:55 നോക്കുക). നോസ്റ്റിക് പുസ്തകങ്ങളിൽ ഉൾപ്പെട്ട നാഗ് ഹങ്കാദി, എന്ന അപ്പൊക്രിഫ ഗ്രന്ഥത്തിൽ, കർത്താവിന്റെ സഹോദരൻമാരെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഇവയിൽ ചരിത്രമൂല്യമുള്ള വസ്തുതകൾ അടങ്ങിയിരിക്കുന്നു.[3] പൗലൊസിന്റെ പ്രസ്താവനകൾ ആശ നല്കുന്നവയെങ്കിലും ഊഹങ്ങൾക്കു കാരണമാകുന്നവയാണ്. ഏറ്റവും ഒടുവിൽ പന്ത്രണ്ടു പേരെകുറിച്ചോ കർത്താ

വിന്റെ സഹോദരൻമാരെക്കുറിച്ചോ അവരുടെ സുവിശേഷ പ്രവൃത്തിയുടെ ചരിത്രപരമായ ഉപസംഹാരം അവർ നല്കുന്നു.

പൗലൊസിന്റെ കേഫാവിനെക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നത് പൗലൊസും മറ്റുള്ളവരും അവനു കൊടുത്തിരുന്ന ബഹുമാനത്തെയാണ്. കേഫാവിനെ പൗലൊസിന്റെ ലേഖനങ്ങളിൽ രു പ്രാവശ്യം മാത്രമേ കാണുവാൻ കഴിയുന്നുള്ളൂ, അതു ഗലാതൃരിലും 1 കൊരിന്ത്യരിലുമാണ്. എന്തുകൊണ്ടാണ് പൗലൊസ് അരാമ്യപരദമായ, "കേഫാവ്" എന്നത് ഉപയോഗിച്ചതെന്തെന്നാൽ യവന ഭാഷയോടു കൂടുതൽ സാമ്യമുള്ളതുകൊണ്ടാണ്, "പത്രൊസ്", എന്നത് അപരിചിതമായിരുന്നു. പൗലൊസിന്റെ ലേഖനങ്ങൾക്കു വെളിയിൽ, "കേഫാവ്" എന്ന പേര് ഒരു പ്രാവശ്യമേ കാണുന്നുള്ളൂ (യോഹ. 1:42). ഈ രണ്ടു പേരുകളും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ "കല്ല്" അല്ലെങ്കിൽ "പാറ" എന്നർത്ഥം ലഭിക്കുന്നു. ആദ്യ മൂന്ന് സുവിശേഷങ്ങളിൽ നിന്നും, നമുക്ക് മനസ്സിലാക്കാവുന്നത് കേഫാവ്, അല്ലെങ്കിൽ പത്രോസ്, വിവാഹിതനായിരുന്നു എന്നതാണ് (മത്താ. 8:14; മർ. 1:30; ലൂക്കൊ. 4:38). കേഫാവ് തന്റെ ഭാര്യയുമായി കൊരിന്ത് സന്ദർശിച്ചിരുന്നോ എന്നുള്ളത് നിശ്ചയമായുള്ള കാര്യമല്ല, എന്നാൽ അവന്റെ ആദ്യ ലേഖനം വ്യക്തമാക്കുന്നത് യെഹൂദയ്ക്കു പുറത്തുള്ള സ്ഥലങ്ങളിൽ അപ്പൊസ്തലൻ യാത്ര യെരുശലേമിലുള്ള അപ്പൊസ്തലൻമാരോടും മൂപ്പന്മാരോടും ആലോചന ചോദിച്ചപ്പോൾ അവൻ അവിടെ ഉണ്ടായിരുന്നെന്ന് പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു (പ്രവൃ. 15:7). യെഹൂദാ ക്രിസ്ത്യാനികൾ കൂടുതൽ സ്വാധീനം നേടി ജാതികളായ ക്രിസ്ത്യാനികളോട് അനാവശ്യമായി പലതും ആവശ്യപ്പെട്ടപ്പോൾ (പ്രവൃ. 21:20 നോക്കുക), പത്രൊസ് ആ നഗരം വിട്ടുകാണും. ക്രമേണ,അവൻ റോമിലെത്തുകയും, അവിടെ അവൻ രക്തസാക്ഷിയാകുകയും ചെയ്തു. പ്രവൃത്തികളുടെ പുസ്തകത്തിൽ യെരുശലേമിൽ അവൻ പ്രവർത്തിച്ചിരുന്നതിന് ശേഷമുള്ള കാര്യങ്ങളെ പറ്റി പരാമർശിക്കുന്നില്ല. 15:7, എന്നാൽ പൗലൊസിന്റെ വാക്കുകൾ മനസ്സിലാക്കി തരുന്നത് ഒരു സഹയാത്രികയായി പത്രൊസിന്റെ ഭാര്യ അവനോടൊപ്പം യാത്ര ചെയ്തിരുന്നു എന്നതാണ്.

**വാക്യം 6**. പൗലൊസിന്റെ രണ്ടാം മിഷ്നറി യാത്ര ആരംഭിച്ച്, അവനും ബർന്നബാസും രണ്ട് വഴികളിലായി പിരിഞ്ഞശേഷം, ബർന്നബാസിനെ കുറിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ പരാമർശിക്കുന്നില്ല. പൗലൊസ് അവനെകുറിച്ച് 3 പ്രവാശ്യം ഗലാതൃരിലും (ഗലാ. 2:1, 9, 13), ഒരു പ്രാവശ്യം 1 കൊരിന്ത്യരിലും (1 കൊ. 9:6), ഒരു പ്രാവശ്യം കൊലൊസ്യരിലും (കൊലൊ. 4:10) പരാമർശിച്ചിരിക്കുന്നു. ഈ വാക്യങ്ങളിലൊന്നും തന്നെ അപ്പൊസ്തലൻ ബർന്നബാസുമായി ഉണ്ടായ തർക്കത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. യോഹന്നാൻ എന്നു മറുപേരുള്ള മർക്കൊസിനെ അവരുടെ കൂടെ കൂട്ടിയതിനെ ചൊല്ലിയാണ് രൂക്ഷമായ തർക്കമുണ്ടായത്. (പ്രവൃ. 15:36–40), എന്നിരുന്നാലും അവർ തമ്മിൽ നല്ലബന്ധമുണ്ടായിരുന്നിരിക്കണം. പൗലൊസ് എപ്പോഴും അവനെപ്പറ്റി നല്ല രീതിയിലാണ് സംസാരിച്ചിരുന്നത്.

തന്റെ വിശ്വാസ്യത തെളിയിക്കുവാനായി കൊരിന്തിലുള്ളവരോട് ബലഹീന സഹോദരങ്ങളെ ഓർത്ത് അവകാശങ്ങളെ ഒഴിവാക്കുവാൻ ആവശ്യപ്പെടുമ്പോൾ, പൗലൊസ് അവരോട് ആവശ്യപ്പെടുന്നത് അവൻ തന്നെ ചെയ്തു കാണിക്കുന്നു. കൂടുതൽ കാര്യങ്ങൾ പറയാമെങ്കിലും, അവൻ മൂന്ന് കാര്യങ്ങൾ പ്രത്യേകമായി ഉന്നയിക്കുന്നു. ആദ്യത്തേത്, ഒരു അപ്പൊസ്തലൻ എന്ന നില

യിൽ ഭക്ഷിക്കുവാനും പാനം ചെയ്യുവാനും അവകാശമുണ്ടെങ്കിലും, അവൻ കൊരിന്തിലെ സഭയുടെ സാമ്പത്തിക സഹായം നിരാകരിച്ചു. രണ്ടാമത്തേത്, ഭാര്യയുടെ കൂടെ യാത്ര ചെയ്യുവാനുള്ള എല്ലാ അവകാശവും ഉണ്ടെങ്കിലും ഭാര്യയോടൊപ്പം അവൻ യാത്ര ചെയ്തിരുന്നില്ല. മൂന്നാമത്തേത് ആദ്യത്തേതിനോടു ബന്ധപ്പെട്ടുള്ളതാണ്. സഭയുടെ സഹായത്തിൽ ആശ്രയിക്കുവാൻ അവന് അവകാശമുണ്ടായിരുന്നു, പക്ഷെ തന്റെ ഭൗതിക ആവശ്യങ്ങൾക്ക് വേണ്ടി സ്വയം തൊഴിലിന് ഇറങ്ങുവാൻ സന്നദ്ധനായിരുന്നു. അവൻ ചോദിച്ചു, **വേല ചെയ്യാതിരിക്കുവാൻ എനിക്കും ബർന്നബാസിനും മാത്രം അധികാരമില്ല എന്നുണ്ടോ?**

സ്വയം തൊഴിൽ ചെയ്യുന്നത് നിരാകരിക്കുവാൻ സാധിക്കുന്ന സാമൂഹിക സാഹചര്യവും വിഭവങ്ങളും ഉള്ള യവന-റോമ ലോകത്തിലെ ഉയർന്ന നിലയിലുള്ള വ്യക്തികളിൽ ഉൾപ്പെട്ട ഒരാളായിട്ടാണ് പൗലൊസിനെ പുറമെയുള്ള ഒരു വ്യക്തി എണ്ണിയിരുന്നത്. അവൻ വളരെ - വിദ്യാസമ്പന്നൻ ആയിരുന്നു; തർശീശിൽ നിന്നും യെരുശലം വരെ പോയി വളരെ പ്രശസ്തനായ ഗുരുവിന്റെ കാല്ക്കൽ ഇരുന്ന് പഠിക്കുവാൻ അനുവദിക്കുന്ന കുടുംബസാഹചര്യമാണ് അവനുണ്ടായിരുന്നത് (പ്രവൃ. 22:3). അവൻ ജനിച്ചത് റോമ പൗരൻ (പ്രവൃ. 22:28) ആയിട്ടാണെന്ന് കുടുംബ ശ്രേഷ്ഠതയെക്കുറിച്ച് സാക്ഷീകരിക്കുമ്പോൾ പ്രസ്താവിച്ചിരിക്കുന്നു. സ്വയം തൊഴിൽ ചെയ്തുകൊണ്ട് തന്റെ തന്നെ ചിലവുകൾ നടത്തുമെന്ന് പൗലൊസിനെ പോലെയുള്ള ഒരു പ്രധാന വ്യക്തിയിൽ നിന്നും കൊരിന്തിലെ ക്രിസ്ത്യാനികൾ പ്രതീക്ഷിച്ചുകാണുകയില്ല. റോമാക്കാർ തൊഴിലിനെ അംഗീകരിക്കുന്നവർ ആണെങ്കിലും, സാധാരണയായി അത് അടിമകളുടെയും ദാസൻമാരുടെയും ജോലികളെ കുറിക്കുന്നു, അല്ലാതെ അവരുടെ തൊഴിലിനെയല്ല.[4]

സാംസ്ക്കാരിക നിയമങ്ങൾക്ക് അനുസൃതമായി ഉപദേഷ്ടാവ് എന്ന നിലയിൽ സാമ്പത്തിക സഹായം കിട്ടുവാനുള്ള അർഹത പൗലൊസിന് ഉണ്ടായിരുന്നിട്ടുപോലും, തങ്ങളുടെ ശുശ്രൂഷയെ ഓർത്ത് ആ ആനുകൂല്യങ്ങൾ അവർ വേണ്ടന്നു വച്ചു. തങ്ങളുടെ അവകാശങ്ങളെ അവർ നിരാകരിച്ചതിലൂടെ മറ്റു ക്രിസ്ത്യാനികളും ഈ മാതൃക പരിഗണിക്കണമെന്ന് ആവശ്യപ്പെടുന്നു. ജാതീയ ദൈവങ്ങളെ ബഹുമാനിക്കുന്ന അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിനെ (ഒരു ഇളവും പൗലൊസ് നല്കുന്നില്ല), കൊരിന്തിലുള്ളവർ ന്യായീകരിക്കുമ്പോൾ പൗലൊസ് എതിരെയുള്ള കാരണങ്ങൾ നിരത്തുന്നു.

**വാക്യം 7**. ഭക്ഷിക്കുവാനും പാനം ചെയ്യുവാനും സഭയുടെ ചിലവിൽ ആകാമെന്നുള്ള തന്റെ അവകാശത്തെ ഉറപ്പിച്ചു കൊണ്ട്, അപ്പൊസ്തലൻ മൂന്ന് ചോദ്യങ്ങൾ കൂടി ചോദിക്കുന്നു. അവയെല്ലാം ആലങ്കാരികമാണ്, സ്വയമായി - വെളിപ്പെടുത്തുന്ന "ആരുമില്ല" എന്നുത്തരം വരുന്നവ. തീർച്ചയായും, ആരാണോ ഒരുവനെ കൊണ്ട് യുദ്ധസേവ നടത്തുന്നത് അവൻ സേവകന്റെ ചിലവ് വഹിക്കേണ്ടതാണ്. എല്ലാ കൃഷിക്കാരും തങ്ങളുടെ മുന്തിരിതോട്ടത്തിന്റെ ഫലം തിന്നുന്നു എന്നുള്ളത് പ്രതിക്ഷീക്കാവുന്നതാണ്. സ്വാഭാവികമായും, ഒരു ഇടയൻ ആട്ടിൻകൂട്ടത്തിന്റെ പാൽകൊണ്ട് ഉപജീവിക്കും. യുദ്ധസേവകർ, കൃഷിക്കാർ, ഇടയൻമാർ എന്നിവർ തങ്ങളുടെ അദ്ധ്വാനഫലം കൊണ്ട് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുമെന്ന് പ്രതീക്ഷിക്കാം.

ഇവിടെ ഉപയോഗിച്ചിരിക്കുന്ന "ചെലവ്" (ὀψώνια, *ഒപ്സോണിയ*) എന്ന പദം കൂലി എന്ന അർത്ഥത്തിലാണ്, പൗലൊസ് ഈ സാധാരണ നിർവ്വചന

ത്തെ വിപുലീകരിച്ചു. ഒരു സൈനികന്റെ ആവശ്യങ്ങളിൽ ആയുധങ്ങൾ, ഭക്ഷണം, പാദരക്ഷകൾ, വസ്ത്രം, കൂടാരം എന്നിവ ഉൾപ്പെടുന്നു. പൗലൊസിന്റെ തോട്ടത്തിൽ, ദൈവരാജ്യത്തിൽ വേല ചെയ്യുന്നവർ ഉത്തരവാദിത്തമുള്ള ഒരു പടയാളിയോടും, മുന്തിരിത്തോട്ടത്തിലെ - കൃഷിക്കാരനോടും, ആട്ടിൻകൂട്ടത്തിന്റെ ഇടയനോടും സാദൃശ്യപ്പെടുത്താവുന്നതാണ്. ഭൗതിക സഹായങ്ങൾ ചെയ്യുന്നവരെ ഒരു കാരണവശാലും വിലക്കരുത്.

സാമ്പത്തിക സഹായം സ്വീകരിക്കുവാനുള്ള എല്ലാ അവകാശവും അവന് ഉണ്ടെങ്കിലും അവയെ പൗലൊസ് നിരസിച്ച് തന്റെ ഉപമയിലെ സൈനീകനെ പോലെയോ, കൃഷിക്കാരനെ പോലെയോ, ഇടയനെ പോലെയോ ആയിരുന്നില്ല. അവൻ അവന്റെ തന്നെ ആവശ്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചപ്പോൾ ദൈവം അവന് കൊടുത്ത ശ്രേഷ്ഠ വേലയിൽ നിന്നും അവനെ വ്യതിചലിപ്പിച്ചു. അപ്പൊസ്തലൻ തന്റെ അവകാശങ്ങളെ പ്രതിരോധിച്ചത്, ആ അവകാശങ്ങളെ നിരാകരിക്കുന്നതിൽ മാതൃക കാണിച്ചുകൊണ്ടാണ്. സാമ്പത്തീകം സ്വീകരിക്കുന്നതിലൂടെ തന്റെ ആത്മീക നേതൃത്വത്തിന് കോട്ടം തട്ടുമെന്ന് കൊരിന്ത്യ സഭയുമായുള്ള ബന്ധത്തിൽ വിചാരിച്ചു. വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ ഭക്ഷണം കഴിക്കുന്നത് ക്രിസ്തീയ സ്വാതന്ത്ര്യത്തെ കൊരന്തിലുള്ളവർ മറയാക്കി തീർക്കരുതെന്ന പഠിപ്പിക്കലാണ് പൗലൊസിന്റേത്. ക്രിസ്തീയ സന്ദേശത്തെ മറ്റൊന്നുമായി അനുരഞ്ജിപ്പിക്കുന്ന യാതൊരു പരിശീലനവും അവകാശത്തിന്റെ പേരിൽ നടത്തരുത്.

കാരണം വ്യക്തമാക്കുന്നതിലൂടെ പൗലൊസ് കാണിച്ചു തരുന്നത് സുവിശേഷം ഘോഷിക്കുന്നവരുടെ ഭൗതിക ആവശ്യങ്ങൾ സഭ നികത്തണമെന്ന് പ്രതീക്ഷിക്കുവാനുള്ള അവകാശമാണെന്നാണ്. കൊരിന്തിലുള്ള ക്രിസ്ത്യാനികൾ കേട്ട സന്ദേശം കാരണമാണ് അവർ രക്ഷിക്കപ്പെട്ടത്, കൂടാതെ ദൈവം നല്കിയ ജീവിത ശൈലിയിലൂടെ അവർ അനുഗ്രഹിക്കപ്പെട്ടു. സൗജന്യമായി നേടിയതുകൊണ്ട് ആ നേട്ടത്തെ മറ്റുള്ളവരുമായി പങ്കു വയ്ക്കുകയും സുവിശേഷികരണത്തിൽ പങ്കാളികളാക്കുകയും ചെയ്യേണ്ടതാണ്.

സുവിശേഷം പ്രസംഗിക്കുന്നവർ അതുകൊണ്ട് ഉപജീവിക്കണമെന്ന് പൗലൊസ് വാദിക്കുന്നത്, വിഗ്രാരാധന, സ്വാതന്ത്ര്യം, വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ വച്ച് മാംസം ഭക്ഷിക്കുന്നത് എന്നിവയുടെ പശ്ചാത്തലത്തിലാണ്. സഭയിൽ നിന്നും സാമ്പത്തികം സ്വീകരിക്കുവാനുള്ള അപ്പൊസ്തലന്റെ അവകാശം അവന് പ്രാധാന്യമുള്ളതായിരുന്നു, പക്ഷേ പണം നേടുവാനുള്ള അവന്റെ അവകാശത്തെ നിരസിച്ചു. കൊരിന്ത്യ സഭയിൽ നിന്നുമുള്ള സഹായത്തെ പൗലൊസ് നിരസിച്ചതിന്റെ കാരണം അവർക്ക് അറിയാമായിരുന്നിരിക്കണം. അതെന്താണെന്ന് ഈ വേദഭാഗം വിശദീകരിക്കുന്നില്ല, പക്ഷെ ഈ തത്വത്തോട് കൂട്ടിച്ചേർത്ത പ്രാധാന്യത്തെ അവന്റെ വാക്കുകൾ സാക്ഷീകരിക്കുന്നു.

സുവിശേഷകർ സഭയിൽ നിന്നും സഹായം സ്വീകരിക്കുന്നത് ശരിയാണെന്നാണ് ഇവിടെ ഊന്നിപ്പറയുന്നത്, ആധികാരികമായുള്ള വേദപുസ്തക തെളിവിലേക്കാണ് അപ്പൊസ്തലൻ പിന്നീട് തിരിയുന്നത്. സുവിശേഷം പഠിപ്പിക്കുന്നതിലൂടെ ഉപജീവനം കഴിക്കണമെന്ന് ദൈവം വ്യക്തമാക്കുന്നു.

## **ഒരാളുടെ പ്രവർത്തനത്തിൽ നിന്നുമുള്ള നേട്ടം (9:8-14)**

**[8]ഞാൻ ഇതു മനുഷ്യരുടെ മര്യാദപ്രകാരമോ, പറയുന്നത്? ന്യായപ്രമാണവും ഇങ്ങനെ പറയുന്നില്ലയോ? [9]മെതിക്കുന്ന കാളയ്ക്കു മുഖകൊട്ട കെട്ടരുത് എന്നു, മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നുവല്ലോ. ദൈവം കാളയ്ക്കു വേണ്ടിയോ ചിന്തിക്കുന്നത്? [10]അല്ല, കേവലം നമുക്കുവേണ്ടി പറയുന്നതോ? അതേ, ഉഴുന്നവൻ ആശയോടെ ഉഴുകയും, മെതിക്കുന്നവൻ പതം കിട്ടും എന്നുള്ള ആശയോടെ മെതിക്കുകയും, വേണ്ടതാകയാൽ നമുക്കുവേണ്ടി എഴുതിയിരിക്കുന്നതത്രേ. [11]ഞങ്ങൾ ആത്മീതമായതു നിങ്ങൾക്കു വിതച്ചിട്ടു, നിങ്ങളുടെ ഐഹികമായതു കൊയ്താൽ വലിയ കാര്യമോ? മറ്റുള്ളവർക്കു നിങ്ങളുടെമേൽ ഈ അധികാരം ഉണ്ടെങ്കിൽ, ഞങ്ങൾക്ക് എത്ര അധികം? [12]എങ്കിലും ഞങ്ങൾ ഈ അധികാരം പ്രയോഗിച്ചിട്ടില്ല. ക്രിസ്തുവിന്റെ സുവിശേഷത്തിനു യാതൊരു വിഘ്നവും വരുത്താതിരിക്കുവാൻ സകലവും പൊറുക്കുന്നു. [13]ദൈവാലയ കർമ്മങ്ങൾ നടത്തുന്നവർ ദൈവാലയം കൊണ്ട് ഉപജീവിക്കുന്നു എന്നും,യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? [14]അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപദീവിക്കണമെന്നു കല്പിച്ചിരിക്കുന്നു.**

പൗലൊസ് ഉദാഹരണമായി മെതിക്കുന്ന കാളയെക്കുറിച്ച് 9:8–10 വേദഭാഗത്തിൽ സുവിശേഷകരുടെ സുവിശഷത്താൽ ഉപജീവനം കഴിക്കുവാനുള്ള അവകാശത്തോട് ബന്ധപ്പെടുത്തിയിരിക്കുന്നു. പൗലൊസ് എഴുതിയത് ചില ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ആയതിനാലാണ് “വിഗ്രഹാർപ്പിതങ്ങളുടെ കാര്യം പറഞ്ഞാലോ” എന്നു 8:1 ൽ പറയുന്നത്. വിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളിൽ വെച്ച് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത്, വിഗ്രഹങ്ങളോട് ബന്ധപ്പെട്ട ആചാരങ്ങളിലൂടെ സമർപ്പിക്കപ്പെട്ട മാംസം ആയതിനാൽ അത് ഭക്ഷിക്കുന്നത് വഗ്രഹാരാധന ആണെന്ന് പൗലൊസ് പ്രസ്താവിക്കുന്നു. ജ്ഞാനത്തിനോ മാനസിക വിശാലതക്കോ അതിനെ മാറ്റുവാൻ കഴിയില്ല. ബോധ്യമാകാതെ തുടരുന്ന ആളുകളോട്, അപ്പ1സ്തലൻ തന്റെ ജ്ഞാനം പങ്കു വച്ചത് എങ്ങനെയെന്നാൽ മാനസിക വിശാലതയോടുകൂടിയുള്ള പ്രവർത്തികളും അല്ലാത്തവയും തമ്മിലുള്ള വ്യത്യാസം എല്ലാവർക്കും ഒരു പോലെ തിരിച്ചറിയുവാൻ കഴിയില്ല എന്നതിലൂടെയാണ്. അവരുടെ ജ്ഞാനം ബലഹീനരെ നശിപ്പിച്ചേക്കാം.

പൗലൊസ് തന്റെതന്നെ മാതൃകയിലൂടെ തന്റെ ഉപദേശത്തെ വീണ്ടും ശക്തിയുള്ളതാക്കുന്നു. അപ്പൊസ്തലനേക്കാൾ കൊരിന്തിലുള്ള ക്രിസ്ത്യാനികൾക്ക് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുവാനുള്ള സാമൂഹിക സമ്മർദ്ദം ഉണ്ടായിരുന്നു എങ്കിലും, താൻ അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളെ മറ്റുള്ളവർക്കു വേണ്ടി ഒഴിവാക്കുന്നത് ഉദാഹരണമായി പറയുന്നു. അവയിൽ പ്രധാനപ്പെട്ടത് കൊരിന്ത് സഭയുടെ ഭൗതിക സഹായം നിരാകരിച്ചതാണ്, അത് വാങ്ങുവാനുള്ള എല്ലാ അവകാശവും ഉണ്ടായിരുന്നിട്ടുപോലും. അനുഭവവും തിരുവെഴുത്തുകളും പൗലൊസിന്റെ ആശയത്തെ ഉറപ്പിക്കുന്നു.

മൃഗങ്ങളോട് കാണിക്കുന്ന ക്രൂരതയെപ്പറ്റി പറയുവാനല്ല മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരുത് എന്ന് പൗലൊസ് പറയുന്നത്. അവൻ ഇവിടെ ഉപയോഗിക്കുന്നത് ചെറുതിൽ നിന്നു വലുതിലേക്ക് എന്ന വാദമാണ്.

**വാക്യം 8.** ക്രിസ്തുവിന്റെ സുവിശേഷം ന്യായപ്രമാണത്തേക്കാൾ മുകളിലാണ് എന്നു കാണിക്കുവാനായിട്ടാണ് പലപ്പോഴും പൗലൊസ് "ന്യായപ്രമാണം" എന്ന വാക്ക് ഉപയോഗിച്ചത്, ക്രിസ്തു അതിനെ നിവർത്തിച്ചതിലൂടെ അതിന്റെ സ്വാധീനത്തെ മാറ്റിയിരിക്കുന്നു (കൊലൊ. 2:14). വിശ്വാസത്താലുള്ള നീതികരണത്താലാണ് അനുഗ്രഹങ്ങൾ എന്ന് പറയുന്നതിന് യാതൊരു മടിയുമില്ല. കൂടാതെ ന്യായപ്രമാണത്തിന്റെ ശാപം എന്നതും (ഗലാ. 3:13) ഇവിടെ പ്രസക്തമാണ്. നീതിക്കായി ന്യായപ്രമാണത്തിൽ ആശ്രയിക്കുന്ന ഏതൊരു ക്രിസ്ത്യാനിയും "കൃപയിൽ നിന്ന് വീണുപോയി" (ഗലാ. 5:4). അതേ സമയത്ത് തന്നെ, ന്യായപ്രമാണം വിശുദ്ധമാണെന്ന് പൗലൊസ് പറയുന്നു (റോമ. 7:12). ചില സാഹചര്യങ്ങളിൽ, ക്രിസ്തീയ ഉപദേശങ്ങളെ താങ്ങിനിർത്തുവാൻ ന്യായപ്രമാണത്തിന്റെ സഹായം തേടുകയും, മറ്റു സാഹചര്യങ്ങളിൽ യെഹൂദൻമാരോടു മാത്രം ബന്ധപ്പെട്ട കാര്യങ്ങളെ നിരാകരിക്കുകയും ചെയ്യുന്നു. ഈ കാര്യത്തിൽ, സഭാ ശുശ്രൂഷകരുടെ ഭൗതിക ആവശ്യങ്ങൾ സഭ നടത്തണമെന്ന പൗലൊസിന്റെ ഉപദേശത്തെ ന്യായപ്രമാണതത്വങ്ങൾ താങ്ങിനിർത്തുന്നു. അതിലുപരിയായി, എല്ലാ ദിവസത്തേയും, പെരുമാറ്റശൈലി തന്റെ ആശയത്തെ സഹായിക്കുന്നുവെന്നും പൗലൊസ് ചൂണ്ടികാണിക്കുന്നു.

**വാക്യം 9, 10.** 9:9 ലെ ഉദ്ധരണി എടുക്കപ്പെട്ടിരിക്കുന്നത് ആവർത്തനപുസ്തകം 25:4 ൽ നിന്നാണ്. നിസ്സഹായർക്കും ആവശ്യത്തിലിരിക്കുന്നവർക്കും വേണ്ടത് ചെയ്തു കൊടുക്കുന്നതിനോടൊപ്പം, മോശെയുടെ ന്യായപ്രമാണം മൃഗങ്ങൾക്ക് പോലും മാനുഷിക പരിഗണന കൊടുക്കുന്നു. ന്യായപ്രമാണം പറയുന്നു, "കാള മെതിക്കുമ്പോൾ അതിനു മുഖക്കൊട്ട കെട്ടരുത്" ("ധാന്യമണികൾ പാറ്റുന്നു;" എൻഐവി), സ്വാഭാവിക ലോകത്തിൽ ദൈവം ഉണ്ടാക്കിയ മര്യാദയെ ലംഘിക്കുന്നതാണ് ഇത്. മൃഗങ്ങളെ കരുതുന്നതായി ന്യായപ്രമാണത്തിൽ കാണുവാൻ സാധിക്കും. ഉദാഹരണമായി ഒരു യിസ്രായേല്യൻ പക്ഷികളെ കുടുംബമായി നശിപ്പിക്കുവാൻ അനുവദിച്ചിരുന്നില്ല (ആവ. 22:6, 7); നിന്നെ ദ്വേഷിക്കുന്നവന്റെ കഴുത ചുമടിൻകീഴെ കിടക്കുന്നതു കണ്ടാൽ, അവനെ വിചാരിച്ചു അതിനെ അഴിച്ചു വിടുവാൻ മടിച്ചാലും, അഴിച്ചു വിടുവാൻ അവനു സഹായം ചെയ്യണം (പുറ. 23:5). ന്യായപ്രമാണം ഇവിടെ മൃഗങ്ങളെ പരിഗണിക്കുന്നു, പക്ഷെ പൗലൊസ് പെട്ടെന്ന് ദൈവജനത്തെ കുറിച്ചുള്ള ദൈവത്തിന്റെ പരിഗണനയിലേക്ക് തിരിയുന്നു. അവൻ ചോദിച്ചു, ദൈവം കാളയ്ക്കു വേണ്ടിയോ ചിന്തിക്കുന്നത്, അങ്ങനെയോ? ഈ ചോദ്യത്തിന്റെ ശരിയായ ഉത്തരം "അതെ, ദൈവം കാളയെകുറിച്ച് ചിന്തിക്കുന്നു, പക്ഷെ അവൻ കൂടുതൽ ചിന്തിക്കുന്നത് ആളുകളെ കുറിച്ചാണ്." കാളയ്ക്കു മുഖകൊട്ട കെട്ടരുത് എന്ന കല്പനയെ വിശദീകരിക്കുകയാണ് പൗലൊസ്. മൃഗങ്ങളെ പരിഗണിക്കേണം എന്നതിൽ കൂടുതൽ ഒന്നും തന്നെ ആവർത്തന പുസ്തകത്തിലെ ഈ വേദഭാഗത്ത് കാണുന്നില്ല എങ്കിലും, ആളുകളുടെ അവകാശങ്ങളെ പങ്കു വെയ്ക്കുന്നതിനെ കുറിച്ച് ആലങ്കാരികമായി പറയുവാൻ ഈ ഭാഗം എടുത്തിരിക്കുന്നു.

പൗലൊസ് ചോദിച്ചു, അല്ല "കേവലം" നമുക്കു വേണ്ടി പറയുന്നതോ? ഇവിടെ കേവലം എന്ന വാക്ക് എൻഎ എസ്ബിയിൽ തർജ്ജിമ ചെയ്തിരി

ക്കുന്നത് “തീർച്ചയായും” എന്നാണ്. കാളയെക്കുറിച്ച് എന്തെല്ലാം പരിഗണന ദൈവത്തിന് ഉണ്ടായിരുന്നാലും, അവൻ കൂടുതൽ ചിന്തിക്കുന്നത് ആളുകളെ കുറിച്ചാണ്. ഒരു കാളയ്ക്കു തന്റെ അദ്ധ്വാനഫലത്തിൽ പങ്കാളിയാകാമെങ്കിൽ ആ തത്വം മനുഷ്യന് “തീർച്ചായായും” പ്രായോഗികമാണ്.

മുഖകൊട്ട കെട്ടാത്ത കാള സൂചിപ്പിക്കുന്നത് ഉഴുന്നവൻ ആരാണോ ആശയോടെ ഉഴുന്നത് കൂടാതെ മെതിക്കുന്നവൻ ആരാണോ പതം കിട്ടും എന്നുള്ള ആശയോടെ മെതിക്കുന്നു എന്നിവരെയാണ്. മെതിക്കുന്ന ഒരു കാളയ്ക്കു തന്റെ അദ്ധ്വാനം കൊണ്ട് നേട്ടമുണ്ടെങ്കിൽ, മെതിക്കുകയും ഉഴുതുകയും ചെയ്യുന്ന മനുഷ്യർക്കു അവരുടെ അദ്ധ്വാനഫലത്തെ കുറിച്ചുള്ള പ്രത്യാശ എത്ര അധികമായിരിക്കും!

ഈ ഉദാഹരണങ്ങൾ ഉപയോഗിച്ചതിനുശേഷം, പൗലൊസ് ഊന്നൽ കൊടുക്കുന്നത് നഷ്ടപ്പെട്ട് പോകുന്നവരോട് സുവിശേഷം പങ്കു വയ്ക്കുന്നവർക്ക് അവർ ശുശ്രൂഷിക്കുന്നവരുടെ ഭൗതീക നേട്ടങ്ങളിൽ എത്ര അധികം പങ്കാളിത്തമുണ്ട് എന്നതാണ്. പൗലൊസിന്, മറ്റുള്ളവരിൽ നിന്നും ഇത്തരത്തിലുള്ള സഹായങ്ങൾ സ്വീകരിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നു. ചില ആളുകളുടെ എങ്കിലും വിശ്വാസത്തെ പൗലൊസ് സഹായങ്ങൾ സ്വീകരിക്കുന്നത് ബാധിക്കും എന്ന കാരണത്താൽ അവൻ ആ അവകാശത്തെ ഒഴിവാക്കിയിരുന്നു. വിശ്വാസത്തിൽ ബലഹീനരായ ആളുകളോട് ഇതേ രീതിയിലുള്ള പരിഗണന കാണിച്ചു അവന്റെ മാതൃക പിന്തുടരുവാൻ കൊരിന്ത്യരോടു ആവശ്യപ്പെടുന്നു. മാനസിക വിശാലത വിഗ്രഹാരാധനയെ അംഗീകരിക്കുന്ന ഒന്നാക്കി മാറ്റുന്നു എന്ന് പൗലൊസ് പറയുമ്പോഴും - കൂടാതെ അവന് താല്പര്യമില്ലാത്തത് - ജ്ഞാനമുള്ള ക്രിസത്യാനികൾ ഹലഹീനരായവരെ ഓർത്ത് അവരുടെ ആചാരങ്ങളിൽ നിന്നും തിരിയുന്നില്ല എന്നതാണ്.

**വാക്യം 11.** 9:8-14 വരെയുള്ളവയിൽ, കൊരിന്ത്യരിൽ നിന്നും എന്തുകൊണ്ടാണ് പൗലൊസ് സാമ്പത്തിക സഹായം സ്വീകരിക്കാതിരുന്നത് എന്നതിന്റെ കാരണം വ്യക്തമാക്കുന്നു. വ്യക്തമാക്കും, കൊരിന്തിലെ ചില ആളുകൾ വിശ്വസിച്ചിരുന്നത് ഐഹിക കാര്യങ്ങളിൽ (τὰ σαρκικά, *റ്റാ സർകികാ*) പൗലൊസിന് വലിയ പ്രതീക്ഷ ഉണ്ടായിരുന്നുവെന്നാണ്. പുറമെയുള്ള കാര്യങ്ങളിൽ കൊരിന്തിലുള്ള ആളുകൾ തത്വജ്ഞാനികളോട് പൗലൊസിനെ സാദൃശ്യപ്പെടുത്തിയിരുന്നിരിക്കാം. ഈ സ്വയം-നിയമിക്കപ്പെട്ട ഉപദേഷ്ടാക്കൻമാർ എപ്പോഴും പണം പ്രതീക്ഷിച്ചിരുന്നു, അവരുടെ ഉപദേശം എത്ര മോശമാണെങ്കിൽ പോലും സുവിശേഷ പ്രസംഗത്തിന് ഐഹിക സഹായം തടസ്സമാകാതിരിക്കുവാനും മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി സംശയങ്ങൾ ഉളവാക്കുവാനും പൗലൊസ് ആഗ്രഹിച്ചിരുന്നില്ല. മറ്റു സഭകൾ അവന് നല്കിയിരുന്ന വിഭവങ്ങൾ കൊണ്ടും, അല്ലെങ്കിൽ ആവശ്യത്തിലിരുക്കുമ്പോൾ, സ്വന്തമായി അദ്ധ്വാനിച്ച് സമ്പത്ത് നേടുന്നതിലും അവൻ സംതൃപ്തനായിരുന്നു. അദ്ധ്യാപകരെ വാടകയ്ക്കെടുത്തിരുന്ന വിമർശകരുടെ വായ് അടപ്പിക്കുവാൻ ഈ തീരുമാനത്തിലൂടെ അവന് സാധിച്ചു, പക്ഷെ ഇത് ചിലരെ വിഷമത്തിലാക്കി. അവരുടെസഹായത്തെ നിരസിച്ചുകൊണ്ട് മറ്റു ക്രിസ്ത്യാനികളിൽ നിന്നും (2 കൊ. 11:8) സഹായം കൈപ്പറ്റിയത് അവരെ അപമാനിക്കുന്നതിനു തുല്യമായിരുന്നു.

പൗലൊസ് വിതച്ചത് ആത്മിക കാര്യങ്ങൾ (τὰ πνευατικά, *റ്റു ന്യൂമാറ്റിക*) ആയിരുന്നു കൊരിന്തിലുള്ള വിശ്വാസികൾക്കിടയിൽ ദൈവ വചനം പങ്കു

വച്ചതിലൂടെ ആയിരുന്നു അത് (ലൂക്കൊ. 8:11: പ്രവൃ. 18:4 നോക്കുക). യവന ക്കാരോട് അവൻ പറയുന്നത് സകല ജാതികളിൽ നിന്നും ആളുകളെ വീണ്ടെ ടുക്കുവാനുള്ള ഒരുക്കത്തിനായിട്ടാണ് ഏക ദൈവവും സൃഷ്ടിതാവുമായവൻ യഹൂദൻമാരുടെ പൂർവ്വ പിതാക്കൻമാർക്ക് തന്നെ തന്നെ വെളിപ്പെടുത്തിയി രിക്കുന്നു എന്നുള്ളതാണ്. ഇതിന്റെ പിൻതുടർച്ച എന്ന വണ്ണം യവന ക്ഷേത്ര ങ്ങളിൽ, അവരുടെ സാംസ്ക്കാരിക അടയാളമായി നിലനില്പില്ലാത്ത ദൈവ ങ്ങളെ ഉണ്ടാക്കിവെച്ചിരിക്കുന്നു. ഇത് അവരെ സംബന്ധിച്ചു സ്വീകരിക്കുവാൻ പ്രയാസമുള്ള കൈയ്പു നിറഞ്ഞ സത്യമാണ്. യവനരെ മനസ്സിലാക്കേണ്ടത് ഒരു വിധവും, യെഹൂദൻമാരെ പഠിപ്പിച്ചിരുന്നത് മറ്റൊരു വിധവുമായിരുന്നു. യെഹൂദൻമാരോട് പൗലൊസ് പറയുന്നത് അവർ കാത്തിരുന്ന മശിഹ – അവ രുടെ രക്ഷകനായ നസ്രായനായ യേശു, ദാവിദിനെപോലെ ഒരു യുദ്ധവീര നല്ല. ഒരു കാര്യം ആവശ്യമായിരുന്നു ക്രിസ്തു കഷ്ടമേല്ക്കുകയും ... തന്റെ തേജസ്സിൽ പ്രവേശിക്കുകയും ചെയ്യും (ലൂക്കൊ. 24:26; പ്രവൃ. 17:3 നോക്കു ക). ദൈവത്തിന്റെ കൃപയെ പറ്റിയും മുൻകൈ എടുക്കലിനെ കുറിച്ചും ഒരു സന്ദേശം പൗലൊസ് വിതച്ചു. പാപം, മത്സരം, മരണം, ഇവയിൽ നിന്നെല്ലാം തിരിയുന്നത് വിശ്വാസത്തോടുള്ള പ്രതികരണമായി കാണാവുന്നതാണ്. കൊരിന്തിലെ ധാരാളം ആളുകൾ, അവർ ദൈവ വചനം കേട്ട് വിശ്വസിക്കു കയും സ്നാനം ഏല്ക്കുകയും ചെയ്തു (പ്രവൃ. 18:8). എന്തെങ്കിലും ഭൗതിക കാര്യങ്ങൾ മാത്രമല്ല (1 കൊ. 9:11) ഈ കൊരിന്ത്യർ വലിയ അനുഗ്രഹങ്ങൾ അവരിലേക്ക് കൊണ്ടുവന്ന അപ്പൊസ്തലന് ചെറിയ പ്രതിഫലമായി കൊടു ത്തിരിന്നിരിക്കണം.

**വാക്യം 12**. പൗലൊസിന്റെ അപ്പൊസ്തലത്വത്തെ കുറിച്ച് ശത്രുക്കൾ വ്യക്തിപരമായി ആക്രമിച്ചതിനോടുള്ള തന്റെ പ്രതികരണവും ഒരു തത്വത്തിനാ യുള്ള തന്റെ വാദവും ഒരുമിച്ചു ചേർക്കുന്നു അവന്റെ കാര്യം അവൻ ചൂണ്ടി ക്കാണിക്കുന്നത് ഈ അധികാരത്തെ കുറിച്ച് സമർത്ഥിക്കുവാനല്ല. ആ കാര്യം കഴിഞ്ഞു (9:15); കൊരിന്തിലെ സഹോദരങ്ങളിൽ നിന്ന് അവൻ സാമ്പത്തിക സഹായം നേടിയിട്ടുണ്ടാകില്ല. പൗലൊസ് ക്രിസ്തുവിന്റെ സുവിശേഷത്തിന് യാതൊരു വിഘ്നവും വരുത്തിയിട്ടില്ല, മറ്റുള്ളവരെപ്പോലെതന്നെ സാമ്പ ത്തിക സഹായങ്ങൾ സ്വീകരിക്കുവാൻ അവനും അധികാരമുണ്ടായിരുന്നു. സത്യത്തിൽ, മറ്റുള്ളവരെക്കാൾ കൂടുതൽ അധികാരം അവനുണ്ടായിരുന്നു. ബലഹീനരെ പ്രോത്സാഹിപ്പിക്കുന്നതാണ് തന്റെ അധികാരത്തെ ഉപയോഗി ക്കുന്നതിലും പ്രധാനപ്പെട്ട കാര്യമെന്ന് തിരിച്ചറിഞ്ഞ പൗലൊസ് സാമ്പത്തിക സഹായം ലഭിക്കുവാനുള്ള അധികാരത്തെ പ്രയോഗിച്ചിട്ടില്ല.

അപ്പൊസ്തലൻ നിരീക്ഷിച്ചത് മറ്റുള്ളവർക്ക് നിങ്ങളുടെ മേൽ ഈ അധി കാരമുണ്ടെങ്കിൽ, ഇവിടെ വ്യക്തമായി അവൻ "മറ്റുള്ളവർ" ആരെന്ന് പ റയുന്നില്ല. കൊരിന്ത്യർ സാമ്പത്തിക സഹായം നല്കിയ വിശേഷതയുള്ള വ്യക്തികളെ കുറിച്ചാണോ അവൻ ചിന്തിക്കുന്നത്? അത്തരത്തിൽ പെട്ട ഒരാളായാരിക്കാം അപ്പൊല്ലോസ് (3:5, 6), എന്നാൽ അവൻ അധികകാലം പട്ടണത്തിൽ താമസിച്ചിരുന്നില്ല (16:12). പൗലൊസ് പ്രായോഗികമാക്കുവാൻ നിരസിച്ച ഒരു തത്വത്തെ പ്രതിരോധിക്കേണ്ട പ്രത്യേക സാഹചര്യമാണ് ഉണ്ടാ യത്. സാങ്കല്പികമായി, കൊരിന്ത്യരോട് ക്രിസ്തുവിനെ പ്രസംഗിച്ചു ഏതൊരു ആളെയും സഹായിക്കുവാൻ അവർക്ക് കഴിയുമായിരുന്നു. അപ്പോസ്തലൻ ആണെന്ന പൗലൊസിന്റെ വാദം സാമ്പത്തിക സഹായം നിരസിച്ചതിലൂടെ

അനുരഞ്ജനപ്പെട്ടു, തന്റെ പദവിയെകുറിച്ച് അവൻ ആവർത്തിച്ചു പറഞ്ഞു. അവൻ പ്രസഗിച്ചു സവിശേഷത്തിന് യാതൊരു കോട്ടവും തട്ടാതിരിക്കുവാന ാണ് കൊരിന്തിലുള്ളവരുടെ സഹായം അവൻ നിരസിച്ചത്.

തന്റെ പ്രയത്നത്തെ അനുരഞ്ജനം ചെയ്യുന്നതാണ് കൊരിന്തിലുള്ള ആളുകളിൽ നിന്ന് ഭൗതിക സഹായം സ്വീകരിക്കണമെന്ന് പൗലൊസ് എന്തു കൊണ്ടാണ് ചിന്തിക്കുന്നത്? പൗലൊസ് തന്റെ അധികാരം വ്യക്തിപരമായ നേട്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുവെന്ന് ചിലരുടെ വാദത്തെ തുടർന്ന് ഒരു പക്ഷെ അവരുമായി ആകാം പ്രശ്നങ്ങൾ ആരംഭിച്ചത്. സാധാരണയാ യുള്ള അറിവ് എല്ലാവർക്കുമുണ്ടായിരുന്നെങ്കിലും, എല്ലാവരും പൗലൊസിന്റെ അധികാരത്തെ അംഗീകരിച്ചിരുന്നില്ല. സുവിശേഷ പ്രസംഗത്തിലൂടെ താൻ സാമ്പത്തിക ലാഭം നേടുന്നുവെന്ന് ആരും ചിന്തിക്കരുതെന്ന് പൗലൊസ് തീരുമാനിച്ചിരുന്നു, അവൻ തീരുമാനിച്ചത് സകലവും പൊറുത്ത് ക്രിസ്തു വിനായി ആത്മാക്കളെ നേടുന്നത് തന്റെ വ്യക്തിപരമായ ആവശ്യങ്ങളെ ന ിറവേറ്റുതിനേക്കാൾ പ്രാധാന്യമുള്ളതാണ്.

ഇവ എല്ലാറ്റിന്റെയും നടുവിലും, സഭയെക്കൊണ്ട് കഴിയുന്ന രീതിയിൽ തന്നെ സഹായിക്കണമെന്ന് പൗലൊസ് ചിന്തിച്ചിട്ടാകാം. അത് 16:6 ൽ ഹിമ കാലം കൊരിന്തിൽ താമസിക്കണമെന്നുള്ള പൊലോസിന്റെ ആഗ്രഹമാണ്. അവൻ കൂട്ടിച്ചേർത്തത്, താമസത്തിന്റെ അവസാനം, "ഞാൻ പോകുന്നിട ത്തേക്ക് നിങ്ങൾ എന്നെ യാത്രയയക്കണം" (16:6; 2 കൊ. 1:16 നോക്കുക). എന്താണെങ്കിലും, "എന്നെ എന്റെ വഴിക്ക് അയക്കുക" എന്നതിലൂടെ തനിക്ക് സാമ്പത്തിക സഹായം ആവശ്യമു**ണ്ടെ**ന്ന് സഹോദരൻമാരോട് എളിമയോടെ പറയുകയാണ് (റോമ. 15:24 നോക്കുക). കൊരിന്തിലുള്ള പ്രവർത്തനത്തിന് സാമ്പത്തിക സഹായം നിരസിച്ചു വെങ്കിലും തന്റെ കൊരിന്തിനു വെളിയി ലുള്ള പ്രവർത്തനത്തിന്, സാമ്പത്തിക സഹായം സ്വീകരിക്കുവാൻ അവൻ തയ്യാറായിരുന്നിരിക്കണം.

**വാക്യം 13.** അവന്റെ തെളിവുകളും കാരണങ്ങളും 9:12 ഉപസംഹരിച്ച പ്പോൾ, അപ്പൊസ്തലൻ അതിനെ പിൻതാങ്ങുന്നവ ആരംഭിക്കുകയാണ്. അവന്റെ 9:13, 14 ൽ ഉള്ള വാദങ്ങൾ ഏറ്റവുമധികം ചേരുന്നത് 9:8, 9 നുശേ ഷമാണ്. വിഗ്രഹാർപ്പതം ഭക്ഷിക്കുന്നതുമായി ഈ ചിന്തകളെ 8–ാം അധ്യായ ത്തിലുള്ള ആശയങ്ങളുമായി പൗലൊസ് വീ**ണ്ടും** ബന്ധിപ്പിക്കുന്നു. കൊരിന്ത് സഭയിൽ നിന്നും ഭൗതിക സഹായം നിരസിക്കുന്നതിനുള്ള പ്രധാന വാദമായി പൗലൊസ് പറയുന്നത്: ശക്തരും അറിവുള്ളവരുമായ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ആത്മാവിൽ പ്രവർത്തിച്ചുകൊ**ണ്ട്** തങ്ങളുടെ അവകാശങ്ങളെ ഒഴിവാക്കി ബലഹീനരെ, ജ്ഞാനം കുറഞ്ഞ സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കണം.

കൊരിന്തിലെ യവന ചിന്താഗതികളുടെ അടിസ്ഥാനത്തിൽ ദൈവാലയ കർമ്മങ്ങൾ നടത്തുന്നവർ എന്നുള്ളത് ആൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാരെ കുറിക്കുന്നു, ജാതികളിലും യെഹൂദൻമാരിലും ഇത് ഒരു പോലെയാണ്. അഹരോന്റെയോ സദേക്കിന്റെയോ പൗരോഹിത്യ വംശാവലി യെഹൂദൻമാർക്കുള്ളതുപോലെ യവനന്മാർമാർക്കില്ല. തിരഞ്ഞെടുപ്പ്, നിയമ നം, വിലയ്ക്കുവാങ്ങൽ[5] എന്നിവയിലൂടെ ഒരു പ്രത്യേക കാലയളവിൽ ഒരു വ്യക്തി പുരോഹിതനായിരിക്കുന്നതാണ് യവന പട്ടണങ്ങളിലെ സമ്പ്രദായം. യവനരെ സംബന്ധിച്ച്, മറ്റു ഏതൊരു തൊഴിലുപോലെയും ഉള്ള ഒന്നാണ്;

സാമ്പത്തിക പ്രതിഫലവും ആനുകൂല്യങ്ങളും ഈ പദവിക്കുണ്ട്.

പുരോഹിതൻമാർക്കുള്ള ഒരു പ്രധാന ആനുകൂല്യത്തിലേക്കാണ് പ ൗലൊസ് ശ്രദ്ധയെ തിരിക്കുന്നത്. അവരുടെ തന്നെ ഉപജീവനത്തിനായി വഴിപ ാടുകളിൽ നിന്നും അവർ സ്വീകരിക്കാറുണ്ടായിരുന്നു. യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവരെ കുറിച്ചുള്ള സാധാരണ അറിവാണ് പൗലൊസ് പ റയുന്നത്. യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നത്. പുരോഹിതൻമാരുടെയും സുവിശേഷപ്രാസംഗികരുടെയും ജോലി ഒരു പേ ാലെയല്ല, എങ്കിലും പൗലൊസിനു പറയാനുള്ള ആശയത്തോട് ഇത് ബന്ധപ്പെ ട്ടിരിക്കുന്നു.

**വാക്യം 14.** യെഹൂദ മതത്തിലും ജാതിയ ആചാരങ്ങളിലും പൊതുവായി അംഗീകരിക്കപ്പെട്ടിരുന്നത് വഴിപാടുകളിലൂടെയുള്ള ഭൗതിക നന്മകൾ അവിടെ ശുശ്രൂഷിക്കുന്നവർ സ്വീകരിക്കേണമെന്നുള്ളതാണ്. ഈ തത്വം ക്രിസ്തീയ ശുശ്രൂഷയിലും പ്രായോഗികമാണ്. യാഗപീഠങ്ങളിൽ ശുശ്രൂഷിച്ചിരുന്ന പ ുരോഹികൻമാരുടെയും സുവിശേഷ പ്രാസംഗികരുടെയും ഉത്തരവാദിത്ത ങ്ങൾ ഒരു പോലെയല്ല എങ്കിലും, മേൽ പറഞ്ഞ തത്വം രണ്ടു കൂട്ടർക്കും പ്ര ായോഗികമാണ്. പശ്ചാത്തലം കൃത്യമായി അല്ലെങ്കിലും, യാതൊരു സംശയ വുമില്ലാതെ വ്യക്തമായ വാചകമാണ് കർത്താവ് നല്കിയിരിക്കുന്നത്: അതു പോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം എന്നു കല്പിച്ചിരിക്കുന്നു. കർത്താവ് പറഞ്ഞ വാചകം തന്നെയായിരിക്കും ഇത് എന്നാൽ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല, നഷ്ടപ്പെട്ട യിസ്രായേലിലേക്ക് പന്ത്രണ്ടു ശിഷ്യൻമാരെ അയയ്ക്കുമ്പോൾ യേശു പറഞ്ഞതാവണം ഇത്: “എതു പട്ടണത്തിലോ ഗ്രാമത്തിലോ കടക്കു മ്പോൾ, അവിടെ യോഗ്യൻ ആര് എന്ന് അന്വേഷിക്കുവിൻ, പുറപ്പെടുവോളം അവിടെത്തന്നെ പാർക്കുവിൻ” (മത്താ. 10:11).

ഔദ്യോഗികമായോ പാരമ്പര്യമായോ സഭയിൽ പൗരോഹിത്യം നിലനി ല്ക്കുന്നില്ല എങ്കിലും, സഭയുടെ കെട്ടുപണിക്കായി ഉപദേശിക്കുകയും, പ്ര സംഗിക്കുകയും. ചെയ്യുന്നവരുടെ ജീവിതങ്ങൾ കൊണ്ട് പ്രയോജനം ലഭി ക്കുന്നവർ അവരെ സഹായിക്കേണ്ടതാണ്. ഇവിടത്തെ ആശയം ലളിതമാണ്: ആരൊക്കെയാണോ മുഴുവൻ – സമയ ശുശ്രൂഷയിൽ ഉള്ളത് അവർ ശുശ്രൂ ഷിക്കുന്ന സഭയുടെ സഹായത്താൽ ഉപജീവിക്കണം (ഗലാ. 6:6).

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നു. “സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷത്തിലൂടെ ഉപജീവിക്കണമെന്ന് കർത്താവ് കല്പിച്ചിരിക്കുന്നു” എങ്കിൽ, സഭയ്ക്കോ സുവിശേഷകനോ ആ സഹായം വേണമെങ്കിൽ ആകാം എന്നു പറയാൻ കഴിയുമോ? ഏത് അധികാരത്തിലാണ് പൗലൊസ് എഴുതി യത്, എങ്കിലും ഞങ്ങൾ ഈ അധികാരം പ്രയോഗിച്ചിട്ടില്ല, പക്ഷെ ഞങ്ങൾ സകലവും പൊറുക്കുന്നു (9:12)? കർത്താവു പറഞ്ഞ രീതിയിൽ പ്രവർത്തി ക്കുവാൻ പൗലൊസ് ബാധ്യസ്ഥനല്ലയോ? താഴെ പറയുന്ന രീതിയിലാണ് ഗാർലൻഡ് ഈ ചോദ്യത്തിന് ഉത്തരം നല്കുന്നത്: “കർത്താവിന്റെ വാക്കി നോട് അനുസരണക്കേട് (ഭൗതിക സഹായം അവൻ നിരസിക്കുന്നതിലൂടെ) കാട്ടിയത് പൗലൊസ് മനസ്സിലാക്കിയിരുന്നില്ല എങ്കിലും സ്വീകരിക്കുവാനും ന ിരസിക്കുവാനും ഉള്ള അധികാരമുണ്ടെന്ന് വ്യാഖ്യാനിച്ചു,”[6] ഒരു പൂർണ്ണ–സമയ ശുശ്രൂഷകന് താൻ ശുശ്രൂഷിക്കുന്ന സഭയുടെ സഹായത്താൽ ജീവിക്കുവാന ുള്ള അധികാരമുണ്ട്, എന്നാൽ ഇക്കാര്യത്തിൽ യാതൊരു നിർബന്ധവുമില്ല.

പൗലൊസ് സഹായം സ്വീകരിക്കുന്നത് ശുശ്രൂഷയ്ക്ക് തടസ്സമാകുമെങ്കിൽ, അവൻ അതിനെ നിരസിക്കേണം.

## ഒരു നല്ല കാര്യസ്ഥനാകുമ്പോൾ
## (9:15-18)

**[15]എങ്കിലും ഇത് ഒന്നും ഞാൻ പ്രയോഗിച്ചിട്ടില്ല. ഇങ്ങനെ എനിക്കു
കിട്ടണം എന്നു വച്ചു ഞാൻ ഇത് ഏഴുതുന്നതും അല്ല; ആരെങ്കിലും എന്റെ പ്ര
ശംസ വൃഥാവാക്കുന്നതിനെക്കാൾ മരിക്കുക തന്നെ എനിക്കു നല്ലത്. [16]ഞാൻ
സുവിശേഷം അറിയിക്കുന്നു എങ്കിൽ, എനിക്കു പ്രശംസിക്കുവാൻ ഒന്നുമില്ല,
നിർബന്ധം എന്റെമേൽ കിടക്കുന്നു; ഞാൻ സുവിശേഷം അറിയിക്കുന്നില്ല
എങ്കിൽ എനിക്ക് അയ്യോ കഷ്ടം ... [17]ഞാൻ അത് മന:പൂർവ്വം നടത്തുന്നു
എങ്കിൽ, എനിക്കു പ്രതിഫലം ഉണ്ട്; മന:പൂർവ്വമല്ലെങ്കിലും, കാര്യം എന്നിൽ
ഭരമേല്പിച്ചിരിക്കുന്നു. [18]എന്നാൽ എന്റെ പ്രതിഫലം എന്ത്? സുവിശേഷം,
അറിയിക്കുമ്പോൾ, സുവിശേഷഘോഷണത്തിലുള്ള അധികാരം മുഴുവന
ും ഉപയോഗിക്കാതെ, ഞാൻ സുവിശേഷഘോഷണം ചെലവു കൂടാതെ
നടത്തുന്നതുതന്നെ.**

കൊരിന്തിലെ പ്രത്യേക സാഹചര്യങ്ങളുടേയും സഭയുമായി പൗലൊസിനുള്ള ബന്ധത്തിന്റെയും വെളിച്ചത്തിൽ, പൗലൊസ് തീരുമാനിച്ചത് സഭയിൽ നിന്നും ഭൗതിക സഹായം വാങ്ങാതിരിക്കുന്നതാണ് നല്ലതെന്നാണ്. എന്തുകൊണ്ട്, പിന്നീട് കൊരിന്ത്യസഭയുടെ ആത്മീക ക്ഷേമത്തിനുള്ളവ മറ്റുള്ളവരുടെ കൈയ്യിൽ കൊടുത്തുവിട്ടില്ല? ഈ തീരുമാനത്തെ വിശദീകരിക്കുവാൻ പൗലൊസ് നിർബന്ധിതനായി.

ക്രിസ്തുവിന്റെ ഏതൊരു വിശ്വസ്ത ദാസനെപ്പോലെ പൗലൊസിന്റെ പ്രയത്നങ്ങൾക്ക് കൂലി വാങ്ങുവാനുള്ള അധികാരം (അതൊരു കടമയായിട്ടല്ലെങ്കിൽ) ഒരു സഭയിലെ പൂർണ്ണ-സമയ ശുശ്രൂഷകർ എന്ന നിലയിൽ അവനുണ്ടായിരുന്നു (9:7). എന്തായിരുന്നാലും, ഒരു ആശാരിക്കോ മറ്റൊരു തൊഴിലാളിക്കോ ലഭിക്കുന്ന വേതനമായിരുന്നില്ല ഒരു ക്രിസ്തീയ ശുശ്രൂഷകന് ലഭിച്ചിരുന്നത്. ഒരു സുവിശേഷ പ്രാസംഗികന് ആവശ്യമെങ്കിൽ ഭൗതിക ജോലികൾ ചെയ്ത് സഹായം ലഭ്യമാക്കാവുന്നതാണ്, എന്നതുകൊണ്ട് ദൈവരാജ്യത്തിന്റെ വേലയിൽ നിന്ന് അവൻ മാറുന്നില്ല. അവനു ലഭിക്കുന്ന സാമ്പത്തിക സഹായം കൊണ്ട് ആത്മാക്കളെ നേടുവാനുള്ള ആഗ്രഹത്തിൽ നിന്ന് അവൻ വ്യതിചലിക്കുന്നില്ല. പൗലൊസിനെ സംബന്ധിച്ച്, പ്രസംഗിക്കുക എന്നുള്ളത് ഒരു തിരഞ്ഞെടുപ്പല്ല മറിച്ച് ആവശ്യമാണ്. ഒരു കാര്യസ്ഥനെന്ന നിലയിൽ അവനെ കർത്താവിന് ഭരമേല്പിച്ചിരിക്കുന്നു.

നസ്രായനായ യേശുവിലേക്കു തിരിയുമ്പോൾ, യേശു വച്ചിട്ടു പോയ മാതൃകയ്ക്കു അടിസ്ഥാനപ്പെട്ട് ശുശ്രൂഷിപ്പാൻ പൗലൊസ് തന്നെതന്നേ ഏല്പിച്ചു (യോഹ. 13:14, 15). മറ്റുള്ളവർ യേശുവിനെ സഹായിക്കുവാനായി പലതും കൊണ്ടുവന്നു (ലൂക്കൊ. 8:3), പൗലൊസിനെ മറ്റുള്ളവർ സഹായിച്ചതുപോലെ (2 കൊ. 11:8, 9); പക്ഷെ ഈ രണ്ടു ശുശ്രൂഷകളും ശമ്പളത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. യേശുക്രിസ്തുവിനുള്ളവൻ ആകുന്നതുപോലെ, പൗലൊസ് എല്ലാവർക്കും എല്ലാമായി (1 കൊ. 9:22) ഈ പ്രക്രിയയിൽ, അവൻ

ചില ആളുകളെ കർത്താവിനു വേണ്ടി നേടി. ജാതികൾക്ക് അപ്പൊസ്തലനായിത്തീർന്നു, അതായിരുന്നു. സമ്പൂർണ്ണ പ്രതിഫലം.

**വാക്യം.15**. കൊരിന്തിലുള്ള വിശ്വാസികളിൽ നിന്നുള്ള സാമ്പത്തിക സഹായം നിരസിക്കുവാനുള്ള കാരണം പൗലൊസ് വ്യക്തമാക്കിയിരുന്നു. അങ്ങനെ ചെയ്തത് ക്രിസ്തുവിന്റെ സുവിശേഷത്തിന് തടസ്സമാകും (9:12). എന്നു കരുതിയാണ്. ഈ നിരാകരണത്തിനിടയിലും, പൗലൊസിനെ അവിശ്വസിക്കുന്ന കൊരിന്തിലെ ചില ആളുകൾ, കുറച്ചു പണം കൊചുത്തു നോക്ക് അവൻ സ്വീകരിക്കുമോ ഇല്ലയോ എന്നറിയാം എന്നു പറഞ്ഞു കൊരിന്തിലെ ചില ആളുകൾ, കുറച്ചു പണം കൊചുത്തു നോക്ക് അവൻ സ്വീകരിക്കുമോ ഇല്ലയോ എന്നറിയാം എന്നു പറഞ്ഞു. അവർ കൊരിന്തിലെ തത്വചിന്തകൻമാരെ നിരീക്ഷിച്ചിരുന്നു. മറ്റുള്ളവരെപോലെ സ്വയം ശുശ്രൂഷയ്ക്ക് ഉതകുന്ന രീതിയിലായിരുന്നില്ല പൗലൊസിന്റെ സന്ദേശങ്ങളിൽ, വിഘടനവാദികൾ തങ്ങളുടെ പഠിപ്പിക്കലുകൾ മറ്റുള്ളവരിലേക്ക് പ്രചരിപ്പിക്കുന്നത് പോലെയാകണം ചില വിമർശകർ പൗലൊസിനെ കണ്ടിരുന്നത്. തനിക്കെതിരെയുള്ള സംശയങ്ങളെയും കുറ്റാരോപണങ്ങളെയും കുറച്ച് അറിവുള്ള വ്യക്തി ആയിരുന്നു അപ്പൊസ്തലൻ. വാക്കുകളാൽ കൊരിന്തിലുള്ളവരെ തെറ്റിദ്ധരിപ്പിക്കുവാൻ ആളുകൾ ശ്രമിച്ചപ്പോൾ, പൗലൊസ് അതിനെതിരെയുള്ള ഉറപ്പ് അവർക്ക് നല്കി. ഇവിടെ ഞാൻ (ἐγώ, *എഗോ*) എന്ന പദത്തിന് ഊന്നൽ നല്കിയാണ് എങ്കിലും ഇത് ഒന്നും ഞാൻ പ്രയോഗിച്ചിട്ടില്ല ഇങ്ങനെ എനിക്കു കിട്ടണം എന്നു വച്ചു ഞാൻ ഇത് എഴുതുന്നതും അല്ല.

പൗലൊസ് പ്രസ്താവിക്കുന്നത് മരിക്കുന്നതാണ് ഒരു കണക്കിന് (അവന്) നല്ലത് കൊരിന്തിലുള്ള ആളുകളിൽ നിന്ന് സാമ്പത്തിക സഹായം കൈപ്പറ്റുന്നതിനേക്കാൾ എന്നാണ്. കൊരിന്തിലുള്ള ആളുകളിൽ നിന്ന് സാമ്പത്തിക സഹായം വാങ്ങാതിരിക്കുന്നതിന് അത്രക്ക് പ്രാധാന്യമുണ്ടോ? പൗലൊസ് അഹങ്കാരത്തിലാണോ അങ്ങനെ ഒരു തീരുമാനമെടുത്തത്? അവൻ ഉപയോഗിച്ച എന്റെ പ്രശംസ എന്ന വാക്ക് അനിശ്ചിതത്വം കൂട്ടുന്നു. പുരാധന ഭാഷയിൽ, പ്രശംസ എന്ന വാക്ക് ഒരു വ്യക്തിയുടെ വസ്തുവകകൾ, കഴിവുകൾ, സ്വാധീനം എന്നിവയ്ക്കു മേലുള്ള ദുസ്സന്തോഷത്തെയോ ഗർവ്വിനെയോ കുറിക്കുന്നു. മറ്റുള്ളവർക്ക് ഉള്ളതിനേക്കാൾ കൂടുതൽ എനിക്കുണ്ടെന്നു എല്ലാവരും അറിയണമെന്ന് പ്രശംസിക്കുന്നവരുടെ ആഗ്രഹം. എന്തായിരുന്നാലും, "പ്രശംസ" എന്നുള്ളതിന്റെ ആംഗലേയ പദത്തിന് നിഷേധാത്മകമായ അർത്ഥമാണുള്ളത് എങ്കിലും യവനഭാഷയിൽ (καύχημα, *കൗച്ചേമ*) അങ്ങനെയായിരിക്കണമെന്നില്ല. ഈ യവന വാക്കിന് വീണ്ടെടുപ്പിന്റെ ഘടകങ്ങൾ ഉൾപ്പെടുത്തി, അർത്ഥത്തെ സാമ്യപ്പെടുത്തുന്നത് "ആത്മ-അഭിമാനം" എന്നതിനോടാണ്. തന്നെത്താൻ വാഴ്ത്തുന്നവൻ ഇന്നത്തെപോലെ; പക്ഷെ യവന ഗുരുക്കൻമാർ തങ്ങളുടെ വിദ്യാർത്ഥികൾക്ക് അവരുടെ സമ്പത്ത്, പൊതുസേവനം, പാരമ്പര്യം,[7] എന്നിവയിലൂടെ എങ്ങനെ സമൂഹത്തിൽ മാന്യതയുണ്ടാക്കാം എന്ന് നിർദ്ദേശിച്ചു.

പൗലൊസ് മരിക്കുകയാണ് ആരെങ്കിലും തന്റെ പ്രശംസ വൃഥാവാക്കുന്നതിനേക്കാൾ നല്ലത് എന്നു പറയുമ്പോൾ, അവന്റെ വ്യക്തിപരമായ വികാരങ്ങൾ മാത്രമല്ല കാരണം. ക്രിസ്തുവിനെ ദുഷിക്കുന്നതിനേക്കാൾ മരിക്കുന്നതാണു നല്ലതെന്ന് അവൻ പറയുന്നു. (9:12).സുവിശേഷം കൂടുതൽ ആളുകൾ സ്വീകരിക്കണമെന്നുള്ള ആഗ്രഹമാണ് മറ്റു തത്വചിന്തകൻമാരിൽ നിന്നും

വ്യത്യസ്തമായി ചിന്തിക്കുവാൻ പൗലൊസിനെ പ്രേരിപ്പിക്കുന്നതു. അവനെ കുറിച്ച് ആളുകൾ എന്തു വിചാരിക്കും എന്നുള്ളതിന് ക്രൂശിന്റെ വചനത്തെ കേൾക്കുവാനും അനുസരിക്കുവാനുമുള്ള അവരുടെ താല്പര്യത്തെ സ്വാധീനിക്കുവാൻ കഴിയുമെന്ന് അപ്പൊസ്തലന് അറിയാമായിരുന്നു.

**വാക്യം 16**. ക്രിസ്തുവിനെ കുറിച്ചുള്ള പ്രസംഗം അപ്പൊസ്തലന് പ്രശംസിക്കുവാനുള്ള യാതൊരു സാഹചര്യവും നല്കുന്നില്ല. ഞാൻ സുവിശേഷം അറിയിക്കുന്നുവെങ്കിൽ, അവൻ പറയുന്നത്, എനിക്ക് പ്രശംസിക്കുവാൻ ഒന്നുമില്ല, നിർബന്ധം എന്റെ മേൽ കിടക്കുന്നു എന്നാണ്. പ്രസംഗം എന്നത് പൗലൊസിനെ സംബന്ധിച്ച് നിർബന്ധമായതിനാൽ, പണം വാങ്ങാതെ പ്രസംഗിക്കുക എന്നതിലായിരന്നു പൗലൊസിന്റെ പ്രശംസ. പട്ടണത്തിലുള്ള ക്രിസ്ത്യാനികൾക്കിടയിൽ അവനുണ്ടായിരുന്ന ബഹുമാനത്തോടും ആത്മ-അഭിമാനത്തോടും ബന്ധപ്പെട്ടിരുന്ന ഒരു വ്യക്തിപരമായ തെരഞ്ഞെടുപ്പായിരുന്നു സഹായം നിരസിക്കുക എന്നത്.

സുവിശേഷത്തിൽ സഹോദരങ്ങൾക്കുള്ള ഉറപ്പ് അവർക്ക് അവനിലുള്ള ഉറപ്പിനോട് ബന്ധപ്പെട്ടിരുന്നുവെന്ന് പൗലൊസ് വിശ്വസിച്ചിരുന്നു. പ്രസംഗം എന്നത് ഒരു തിരഞ്ഞെടുപ്പായി; വിശ്വസിച്ചിരുന്നു. പ്രസംഗം എന്നത് ഒരു തിരഞ്ഞെടുപ്പോ; പ്രശംസിക്കുവാനുള്ള കാരണമോ അല്ല. നിർബന്ധം എന്റെമേൽ കിടക്കുന്നു ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ, എന്നു അവൻ പറഞ്ഞു. ക്രിസ്തു അവനെ വിളിച്ച് പ്രസംഗിക്കുവാനുള്ള ദൗത്യത്തെ സഭയിൽ ഏല്പിച്ചിരിക്കുകകൊണ്ട് അത് അവൻ സ്വീകരിച്ചിരിക്കകൊണ്ടും, കുറ്റാരോപണങ്ങൾക്ക് കാരണമാകാവുന്ന ധനസഹായം സ്വീകരിക്കൽ ഒരു നിർബന്ധമല്ല.

**വാക്യം 17, 18.** പൗലൊസിന്റെ പ്രശംസിക്കുവാനുള്ള കാരണവും അവന്റെ മന:പൂർവ്വമുള്ള സുവിശേഷ പ്രസംഗവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തിക സഹായം കൈപ്പറ്റാതെ പ്രസംഗിക്കുന്നതുമൂലം അവനിങ്ങനെ പറയാൻ കഴിയും, എനിക്ക് പ്രതിഫലമുണ്ട്. അവന്റെ ഉദ്ദേശങ്ങൾ ശുദ്ധമായിരുന്നുവെന്ന് അവനെ വിമർശിക്കുന്ന പരിഷ്കാരികളായ ആളുകളുടെ മുമ്പിൽ കാണിച്ചത് ഈ പ്രതിഫലത്തിലൂടെയാണ്. അവൻ പഠിപ്പിച്ചിരുന്നവരിൽ നിന്നുള്ള സാമ്പത്തിക സഹായം നിരസിച്ചതിലൂടെ അവന് ലഭിച്ചിരുന്ന ആത്മ അഭിമാനം ആണ് പ്രതിഫലം. ആ പ്രതിഫലം, ഈ കാര്യത്തിൽ, ക്രൂശിൽ വിലയ്ക്കു വാങ്ങിയ ക്രിസ്തുവിന്റെ രക്ഷയോട് യാതൊരു ബന്ധവുമില്ലാത്തതാണ്. ഈ കാര്യം അവനോടും കൊരിന്ത്യരോടുംമാത്രം ബന്ധപ്പെട്ടതാണ്. പൗലൊസിന്റെ വിശദീകരണത്തെ നല്ല രീതിയിൽ മനസ്സിലാക്കണമെങ്കിൽ മുമ്പു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സൂചിപ്പിക്കുന്ന അത് എന്ന പദം മനസ്സിലാക്കണം: എന്താണ് അവൻ പറയുന്ന മന:പൂർവ്വം ചെയ്യുന്നു എന്നതിലൂടെ മനസ്സിലാക്കുന്നത്? മന:പൂർവ്വം (ἑκών, *ഹെക്കോൺ*) എന്ന പദം ഇവിടെയും റോമർ 8:20 ലും ആണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

ഇതിന്റെ വിപരീതം, മന:പൂർവ്വമല്ല (ἄκων, *അക്കോൺ*) എന്ന പദം ഇവിടെ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. തന്റെതന്നെ സ്വതന്ത്ര തിരഞ്ഞെടുപ്പു കൊ് പൗലൊസ് എന്താണ് ചെയ്തത്? അവൻ ക്രിസ്തുവിനെ പ്രസംഗിച്ചു – എന്നാൽ അവന്റെ പ്രസംഗത്തിൽ കൊരിന്തിൽ നിന്നുള്ള ഭൗതിക സഹായം നിരസിക്കുന്നതും ഉൾപ്പെട്ടിരുന്നു. “അത്” എന്ന വാക്ക് സൂചിപ്പിക്കുന്നത് “നിർബന്ധത്താൽ” എന്ന് 9:16 ൽ പറയുന്നതിനെയാണ്, ക്രിസ്തുവിനോടുള്ള സ്നേഹത്താൽ സുവിശേഷം പരത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. രക്ഷ

കർത്താക്കളുടെ സ്നേഹത്താൽ അവർ മക്കൾക്കു വേണ്ടി ചെയ്യുന്നതുപേ ാലെ, സ്നേഹത്താലാണ് പൗലൊസും പ്രസംഗിക്കുവാൻ നിർബന്ധിതനാ കുന്നത്.

9:17, 18 ൽ പറയുന്നതിന്റെ തർജ്ജിമ ശ്രദ്ധിക്കാം:ഞാൻ അത് മന:പൂർവ്വം നടത്തുന്നുവെങ്കിൽ (അങ്ങനെ ചെയ്തില്ല), എനിക്ക് പ്രതിഫലമുണ്ട്. അതിനു പകരം, ഞാൻ നിർബന്ധിതനായിരുന്നു. ഞാൻ ചെയ്യുന്നതുപോലെ ക്രിസ്തു വിനെ സ്നേഹിക്കുമ്പോൾ, അവന്റെ കല്പനകളെ അനുസരിക്കുക മാത്രമേ ചെയ്യാൻ സാധിക്കൂ. പ്രസംഗിക്കുക എന്നത് എന്റെ തൊഴിൽ ആയിരുന്നുവെ ങ്കിൽ, ഞാൻ പ്രതിഫലം (μισθός, *മിസ്തോസ് കൂലി*) പ്രതീക്ഷിക്കുമായിരുന്നു; പക്ഷേ എന്റെ പ്രതിഫലം പ്രസംഗത്തിൽ അന്തർലീനമാണ്. കൊരിന്തിലെ പ ൗലൊസിന്റെ പ്രവർത്തനം, സാമ്പത്തിക സഹായം നിരാകരിക്കുന്നതും ഉൾപ്പെ ട്ടുകൊണ്ടുള്ളതാണ്, ക്രിസ്തുവിന്റെ ഒരു അടിമയായതിനാൽ അവന്റെ ഇഷ്ട ങ്ങൾക്ക് വിപരീതമാണവ. താൻ സ്നേഹിക്കുന്ന യജമാനനോട് കടപ്പാടും ഉത്തരവാദിത്തവുമാണ് അവന്റെ പ്രയത്നത്തിനു കാരണം. പണം കൈയ്യിൽ ലഭിക്കുന്നതിനേക്കാൾ ഒരു പ്രതിഫലമാണ് അവൻ പ്രതീക്ഷിച്ചിരുന്നത്.

പൗലൊസിന്റെ പ്രതിഫലം, അവന്റെ പ്രശംസ, ഒരു മനുഷ്യനും നശിപ്പി ക്കുവാൻ സാധിക്കാത്ത ഒന്നിലാണ്. ഇതുവരെയും കൊരിന്തിലെ അവന്റെ പ്ര സംഗം ആശ്രയിച്ചിരുന്നത് തന്റെ സ്വതന്ത്ര താല്പര്യത്തിലാണ് (ഹെക്കോൺ)[8], അത് അവനെ ഒരു കാര്യം ഭരമേല്പിച്ചിരുക്കുന്നു എന്നതാണ്. പ്രസംഗിക്ക എന്നതും കൊരിന്തിലെ ആളുകളുടെ ഭൗതിക സഹായങ്ങളെ നിരസിക്കുക എന്നതും അവന്റെ "കാര്യസ്ഥതയുടെ" വിശ്വസ്തതയോടു ബന്ധപ്പെട്ടിരിക്കു ന്നു. അവന്റെ ശുശ്രൂഷ എന്നത് അവൻ സ്വതവേ മുൻകൈ എടുത്തിരിക്കു ന്നതല്ല; കർത്താവ് അവന്റെമേൽ ഭരമേല്പിച്ചിരിക്കുന്നതാണ് (4:1 നോക്കുക). ഈ വേദഭാഗത്തെ വ്യാഖ്യാനിക്കുന്നവരുടെ ബുദ്ധിമുട്ടു നിറഞ്ഞ കാര്യം പ്രതിഫലത്തെയും കൃപയെയും നിരപ്പിക്കുക എന്നുള്ളതാണ്. എന്തായിരു ന്നാലും കൃപയും പ്രതിഫലവും അല്ലെങ്കിൽ ഭാവികാലത്തെ ശിക്ഷയും പ ൗലൊസിന്റെ പ്രതിഫലത്തോട് ബന്ധപ്പെട്ടിട്ടില്ല.

തന്റെ ചർച്ചയിൽ പല വഴികളിലൂടെ യാത്ര ചെയ്ത ശേഷം, അപ്പൊ സ്തലൻ വിഷയത്തിലേക്ക് തിരിച്ചുവന്നു: വലിയ നന്മയ്ക്കായി ക്രിസ്ത്യാനി കൾക്ക് തങ്ങളുടെ അവകാശത്തെ ഒഴിവാക്കാം. ഈ കാര്യം തന്റെ തന്നെ ഉദാ ഹരണത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. കൊരിന്തിൽ പ്രസംഗിച്ചുകൊണ്ട് തന്നിൽ ഭരമേല്പിച്ചിരിക്കുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ പ്രതിഫലമായുള്ളത് ആത്മ-അഭിമാനമാണ്, കൊരിന്തിലുള്ള ആളുകൾക്ക് സുവിശേഷത്തെ ചെലവു കൂടാതെ നല്കുവാൻ സാധിച്ചു എന്ന സന്തോഷം അവനുണ്ട്. ഈ പ്രക്രിയയിൽ, സുവിശേഷ ഘോഷണത്തിലുള്ള (അവന്റെ) അധികാരം മുഴു വനും ഉപയോഗിച്ചിട്ടില്ല. ഒരിക്കൽ കൂടി, പറയുകയാണെങ്കിൽ, പൗലൊസിന്റെ ആഗ്രഹം ക്രിസ്ത്യാനികൾ ജ്ഞാനത്തിൽ അഹങ്കരിക്കരുതെന്നും, അതുപേ ാലെ സഹസഹോദരങ്ങളെ പരിഗണിച്ചുകൊണ്ട് അവരുടെ അധികാരത്തെ ഒഴിവാക്കണമെന്നുമാണ്.

## എല്ലാവർക്കും ഒരു ദാസൻ (9:19-23)

**[19]ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും, അധികം പോരെ നേടേ**

**ണ്ടതിനു, ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി. [20]യെഹൂദൻമാരെ നേടേണ്ടതിനു ഞാൻ യെഹൂദൻമാർക്കു, യെഹൂദനെപ്പോലെ ആയി; ന്യായ പ്രമാണത്തിൽ കീഴുള്ളവരെ നേടേണ്ടതിനു, ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവൻ അല്ല എങ്കിലും, ന്യായപ്രമാണത്തിൻ കീഴുള്ള വർക്കു ന്യായപ്ര മാണത്തിൻ കീഴുള്ളവനെപ്പോലെ ആയി; [21]ദൈവത്തിനു ന്യായപ്രമാണമില്ലാ ത്തവൻ ആകാതെ, ക്രിസ്തുവിനു ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യായ പ്രമാണമില്ലാത്തവരെ നേടേണ്ടതിനു, ഞാൻ ന്യായപ്രമാണമില്ലാത്തവർക്കു ന്യായപ്രമാണമില്ലാത്തവനെപ്പോലെ ആയി. [22]ബലഹീനൻമാരെ നേടേണ്ടതി നു, ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു, ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു. [23]സുവിശേ ഷത്തിൽ ഒരു പങ്കാളിയാകേണ്ടതിനു, ഞാൻ സകലവും സുവിശേഷം ന ിമിത്തം ചെയ്യുന്നു.**

**വാക്യം 19.** പൗലൊസ് അവനെത്തന്നെ ഉദാഹരണമായിക്കൊണ്ട്, തന്റെ ദൗത്യം പ്രതിഫലിപ്പിക്കുവാൻ ആരംഭിച്ചു. ഒരു പക്ഷേ അവൻ വിമർശനത്തെ പ്രതിക്ഷീച്ചിരുന്നു, അല്ലെങ്കിൽ വിമർശനം ആരംഭിച്ചു കഴിഞ്ഞിരിക്കണം. തത്വത്തിൽ നിലനില്ക്കുന്നതും സ്വാതന്ത്ര്യം ഉപയോഗിക്കുന്നതും തമ്മിലുള്ള വ്യത്യാസത്തെ പൗലൊസ് കാണിച്ചുതരുന്നു. ഇടർച്ചയാകാതിരിക്കുവാൻ, സഭയിൽ നിന്നും സാമ്പത്തികസഹായം വാങ്ങാതെയാണു പൗലൊസ് കൊരിന്തിൽ പ്രസംഗിച്ചിരുന്നത്. അധികാരങ്ങളെ അവൻ മുറുകെ പിടിക്കുക ആയിരുന്നുവെങ്കിൽ, ബലഹീനരായ ചില വിശ്വാസികൾ ക്രിസ്തുവിൽ നിന്ന് പിൻമാറുവാൻ സാധ്യതയുണ്ടായിരുന്നു. പൗലൊസ് ശ്രേഷ്ഠ സ്വാതന്ത്ര്യം ഉപയോഗിച്ചത് എല്ലാവർക്കും ദാസനാക്കിക്കൊണ്ടാണ്.

ഈ കാര്യത്തിൽ അപ്പൊസ്തലൻ ബലഹീന സഹോദരനെ ചേർത്തു കൊ ണ്ടതിനാൽ (ἵνα, *ഹിന*) അവന് ക്രിസ്തുവിനു വേണ്ടി ആത്മാക്കളെ കൂടുതൽ നേടുവാൻ സാധിച്ചിരുന്നിരിക്കണം. അവൻ എപ്പോഴും മറ്റുള്ളവരെ ചേർത്തു നിർത്തുക എന്ന മാർഗ്ഗം സ്വീകരിച്ചിരുന്നില്ല. ഗലാത്യയിലുള്ള ജാതീയരായ ക്രിസ്ത്യാനികൾ യെഹൂദാ മര്യാദകൾ പ്രാവർത്തികമാക്കിയപ്പോൾ, പൗലൊ സ് കല്പിച്ചു, "അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാ: 5:1). ഇക്കാര്യത്തിൽ അവൻ ഉറച്ചു നിന്നു, അവൻതന്നെ (യെഹൂദൻ എന്ന നിലയിൽ) ചില പാരമ്പര്യങ്ങളെ പ്രമാണിപ്പാൻ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും (പ്രവൃ. 16:3; 18:18; 21:26). അപ്പൊസ്തലന്റെ സ്വഭാവം നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരേ ശൈലി എല്ലായിടത്തും പ്രാവർത്തികമാകുകയില്ല എന്നാണ്. ഒരു ചോദ്യ മുദിക്കുമ്പോൾ, വിശ്വാസികൾ അവരെത്തന്നെ ശോധന ചെയ്യേണം, വേദപ ുസ്തക ഉദാഹരണങ്ങളിലൂടെ അവരുടെ ചെയ്തികളെ പരിശോധിക്കുകയും, നല്ല വിശ്വാസത്തിൽ പ്രവൃത്തിക്കുകയും ചെയ്യണം. കർത്താവിനോടുള്ള സ്നേഹം, അവനെ മഹത്വപ്പെടുത്തുവാനുള്ള ആഗ്രഹം, നഷ്ടപ്പെട്ടവയോ ടുള്ള സ്നേഹം എന്നിവയായിരിക്കേണം നമ്മെ നയിക്കേണ്ടുന്ന വെളിച്ചങ്ങൾ.

**വാക്യം 20.** യെഹൂദൻ എന്ന നിലയിൽ, പൗലൊസ് മാനസ്സികമായി, യെഹൂദനെയും ജാതിയെനെയും തമ്മിൽ വേർതിരിച്ചിരുന്നു. എന്തായിരുന്നാ ലും, യെഹൂദനായിരിക്കുന്നത് ദൈവത്തോടൊപ്പം നില്ക്കുന്നതിന് തുല്യമല്ല എന്നവൻ മനസ്സിലാക്കി. യിസ്രായേല്യരും, അന്യ ജാതിക്കാരും തമ്മിലുള്ള വ്യത്യാസം വരച്ചു കാട്ടുന്നതാണ് ന്യായപ്രമാണത്തിന്റെ നല്ലോരു ഭാഗം, പ

ക്ഷെ സാൻമാർഗികമോ അല്ലെങ്കിൽ മതപരമോ ആയ പരിഗണനകളോടല്ല ഇവ ബന്ധപ്പെട്ടിരുന്നത്. ചില പ്രമാണങ്ങൾ യെഹൂദൻമാർക്കുവേണ്ടി മാത്രമുള്ളതായിരുന്നു. ഒരു യെഹൂദനായതിൽ പൗലൊസ് സന്തോഷവാനായിരുന്നു; മനുഷ്യ ജാതിക്കായുള്ള ദൈവേഷ്ടം, ന്യായപ്രമാണത്തിൽ വ്യക്തമായി പറഞ്ഞിട്ടുപോലും, യെഹൂദാമാർഗ്ഗത്തെക്കുറിച്ച് അവന് യാതൊരു സങ്കല്പങ്ങളും ഇല്ലായിരുന്നു.

സന്ദർഭോചിതമായാണ് പൗലൊസ് യെഹൂദാ പാരമ്പര്യത്തെ അനുവർത്തിച്ചിരുന്നത്. യെഹൂദൻമാരുമായി നല്ലൊരു ബന്ധം നേടുവാൻ, എപ്പോഴാണോ ശരിയായ സമയം ആ സമയത്ത്, അവൻ അവരുടെ ഭക്ഷണം കഴിക്കുകയും അവരുടെ ആചാരങ്ങളെ അനുഷ്ഠിക്കുകയും ചെയ്തു. പിന്നീട്, നല്ല ബന്ധം സ്ഥാപച്ചശേഷം, അവനെക്കൊണ്ട് ക്രിസ്തുവിനെ കുറിച്ച് പഠിപ്പിക്കുവാനും അവരെ രക്ഷയിലേക്ക് നയിക്കുവാനും കഴിഞ്ഞിരിക്കണം. ന്യായപ്രമാണത്തിനു കീഴുള്ളവർ എന്നാൽ യെഹൂദൻമാർ. ന്യായപ്രമാണത്തെ അനുഷ്ഠിച്ചുവന്നവർ ഭക്ഷണകാര്യങ്ങളിൽ കൃത്യമായ നിയമങ്ങളും പരിച്ഛേദന ഏറ്റവരും ആയിരുന്നു. പൗലൊസ് പ്രസ്താവിക്കുന്നത്, തത്വത്തിൽ ന്യായപ്രമാണത്തിലെ വർഗ്ഗപരമായ നിയമങ്ങൾക്ക് കീഴെയായിരുന്നില്ല അവൻ. മറ്റു ക്രിസ്ത്യാനികൾക്കും ആ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

അപ്പൊസ്തലന്റെ സ്വാഭാവിക പ്രസ്താവനയായ "ന്യായപ്രമാണത്തിൻ കീഴെ'' എന്നുള്ളത് വിരൽ ചൂണ്ടുന്നത് അതുവരെയും ഉദിച്ചിട്ടില്ലാത്ത 2 കൊരിന്ത്യർ 3 ലെ പ്രശ്നങ്ങളിലേക്കാണ്. 2 കൊരിന്ത്യർ എഴുതിയ സമയത്ത്, സഭാംഗങ്ങൾ മറ്റുള്ളവരുടെ ശബ്ദത്തിന്റെ സ്വാധീനത്തിൻ കീഴിൽ വീണിരുന്നു. ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകളുള്ള ഹൃദയങ്ങളെ, പൗലൊസ് താരതമ്യപ്പെടുത്തുന്നതു കല്ലുകളിൽ എഴുതപ്പെട്ടവരുമായാണ് (2 കൊ. 3:3) അവൻ ആത്മാവിനാൽ ജീവൻ നല്കുന്ന ശുശ്രൂഷയും മരണത്തിന്റെ ശുശ്രൂഷയും (2 കൊ. 3:7) തമ്മിലുള്ള വ്യത്യാസത്തെ കാണിക്കുന്നു.

**വാക്യം 21.** "ന്യായപ്രമാണം" 9:20 ൽ പറയുന്നത് മോശക്ക് കൊടുത്ത ന്യായപ്രമാണമാണ്. പൗലൊസ് ജാതികളോടൊപ്പം ഉണ്ടായിരുന്നപ്പോൾ, ന്യായപ്രമാണത്തിലെ അനുഷ്ഠാനങ്ങൾക്ക് യാതൊരു പ്രാധാന്യവും കൊടുത്തിരുന്നില്ല. പക്ഷെ ക്രിസ്തുവിലുള്ള ഒരു വ്യക്തി ധാർമ്മികവും സാൻമാര്ഗികവുമായ കാര്യങ്ങൾ മാറ്റണമെന്ന് പറയുന്നില്ല. ജാതികളുമായുള്ള ബന്ധത്തിൽ ഇരിക്കുമ്പോൾ ന്യായപ്രമാണത്തിന്റെ അനുഷ്ഠാനങ്ങളെ ഒഴിവാക്കിയത് ക്രിസ്തുവിനു വേണ്ടി ആത്മാക്കളെ നേടണമെന്നുള്ള അവന്റെ ലക്ഷ്യം മൂലമാണ്. യെഹൂദൻമാരുമൊത്ത് അനുഷ്ഠാനങ്ങൾ ആചരിക്കുമ്പോഴും ഇതേ ലക്ഷ്യം തന്നെയാണ് അവനുണ്ടായിരുന്നത്.

തുടർന്നുള്ള പ്രസ്താവനയായ ദൈവത്തിന് ന്യാശ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന് ന്യായപ്രമാണമുള്ളവനായിരിക്കെ എന്നതിന്, ഹെർമൻ റൈഡർബോസ് പല നിർവചനങ്ങൾ[9] നല്കുന്നു്. (1) ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾക്ക് അയോഗ്യമായ പ്രാബല്യം ന്യായപ്രാമണത്തെ സംബന്ധിച്ചില്ല. യഹൂദൻമാരും ജാതികളും തമ്മിലുള്ള വ്യത്യാസങ്ങൾക്ക് പൗലൊസിന്റെ പ്രസംഗത്തിൽ യാതൊരു ചേർച്ചയുമുണ്ടായിരുന്നില്ല. (2) ക്രിസ്ത്യാനികൾക്ക് ഉപയോഗപ്രദമായ പഠിപ്പിക്കലുകൾ ന്യായപ്രമാണത്തിലുണ്ടായിരുന്നു. "ന്യായപ്രമാണം" എന്നതുകൊണ്ട് ഈ വേദഭാഗത്തിൽ അർത്ഥമാക്കുന്നത് ന്യായപ്രമാണം എന്നു സാധാരണയായി പൗലൊസിന്റെ

ലേഖനങ്ങളിൽ കാണുന്നത്: മോശയുടെ ന്യായപ്രമാണമാണ്. (3) ന്യായപ്രമാണത്തിന്റെ പ്രത്യേകതയെകുറിച്ച് തുടർന്നും പൗലൊസ് പറയുന്നത് അവൻ "ക്രിസ്തുവിന്റെ ന്യായപ്രമാണത്താൽ" കെട്ടപ്പെട്ടിരിക്കുന്നു എന്നാണ്. ന്യായ പ്രമാണമുള്ളതെന്നും പുതിയ ഉടമ്പടിയുടെ കീഴിൽ ഏതു ഭാഗത്തിനാണോ പ്രസക്തിയില്ലാത്തതെന്നും ക്രിസ്തു തീരുമാനിക്കുന്നു.

പൗലൊസ് പ്രത്യാശിക്കുന്നത് ക്രിസ്തുവിലെന്നാൽ അവന്റെ ന്യായപ്രമാണത്തിന് കീഴിൽ എന്നാണ്. അവൻ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത് "തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുവിൻ, ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുവിൻ" (ഗലാ. 6:2). ക്രിസ്തുവിന് കീഴ്പ്പെടുക എന്നത് അർത്ഥമാക്കുന്നത് അവന്റെ ന്യായപ്രമാണത്തെ അനുസരിക്കുകയാണെന്ന് പൗലൊസ് ഉറപ്പിച്ചു പറയുന്നു. ന്യായപ്രമാണം എന്ന വാക്കിനോട് യാതൊരു നീരസവും പൗലൊസിനില്ല. എങ്ങനെ പൗലൊസ് "ക്രിസ്തുവിന്റെ ന്യായപ്രമാണത്തെ" കുറിച്ചുള്ള പ്രത്യേക ഉള്ളടക്കം തീരുമാനിച്ചു? യേശു ക്രിസ്തുവിന്റെ പ്രസ്താവനകളുടെ ശേഖരത്തെയാണോ അവൻ പരാമർശിക്കുന്നത്? അവന്റെ അഭിപ്രായത്തിൽ മോശയുടെ ന്യായപ്രമാത്തിന്റെ ചില ഭാഗങ്ങൾ ക്രിസ്തുവിന്റെ ന്യായപ്രമാണത്തിൽ ഉൾപ്പെട്ടിരിക്കുന്നു, പക്ഷേ ക്രിസ്തുവിന്റെ ന്യായപ്രമാണം മോശയുടെ ന്യായപ്മാണത്തിൽ നിന്നും എങ്ങനെയാണ് വേർപെട്ടിരിക്കുന്നതെന്ന് ഏതു അളവിനാൽ അറിയും? പൗലൊസ് ഈ വ്യത്യാസം തിരിച്ചറിയുവാൻ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആശ്രയിച്ചു. മോശയുടെ ന്യായപ്രമാണത്തെയും, യേശുവിന്റെ ഐഹിക പഠിപ്പിക്കലിനെയും, പരിശുദ്ധാത്മ നിശ്വാസത്താൽ അതുല്യമായ രീതിയിൽ അവൻ ഒരുമിപ്പിച്ചു. സർവ്വശക്തനായ ദൈവം ആത്മാവിനാൽ അവന്റെ ഹിതത്തെ അവന്റെ അപ്പൊസ്തലൻമാർക്ക് വെളിപ്പെടുത്തുമെന്ന് അകമെയുള്ള ഒരു ഉറപ്പ് അവനുണ്ടായിരുന്നു.

**വാക്യം 22**. പൗലൊസ് പറഞ്ഞു, ബലഹീനൻമാരെ നേടേണ്ടതിന്, ഞാൻ ബലഹീനർക്കു ബലഹീനനായി. ക്രിസ്തുവിൽ വളരുന്നതിനായി മറ്റുള്ളവരെ സഹായിക്കുവാൻ, ബലഹീനനായ സഹോദരന്റെ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്തുന്നു ഏതൊരു പെരുമാറ്റവും ഉപയോഗപ്പെടുത്തുവാൻ അപ്പൊസ്തലന് താല്പര്യമായിരുന്നു – അത്തരത്തിലുള്ള പെരുമാറ്റങ്ങളിൽ യാതൊരു തെറ്റും ഉായിരുന്നില്ല. തീർച്ചയായും പൗലൊസിന്റെ ചേർത്തുകൊള്ളലിന് പരിധികളുണ്ടായിരുന്നു. ബെൻ വിതറിംഗ്ടൺ III ചൂണ്ടിക്കാണിച്ചത്: ഒരു വിഗ്രഹാരാധകന് വിഗ്രഹാരാധകനും അല്ലെങ്കിൽ ഒരു വ്യഭിചാരിക്ക് വ്യഭിചാരിയും ആയി അവൻ തീർന്നുവെന്നല്ല പറയുന്നത്.[10] അപ്പൊസ്തലന് വ്യക്തിപരമായ ലക്ഷ്യങ്ങളോ, പ്രതിരോധിക്കുവാനുള്ള അഹങ്കാരമോ, പരസ്യമാക്കുവാനുള്ള അചാരങ്ങളോ ഉണ്ടായിരുന്നില്ല. അവന്റെ ആകെയുണ്ടായിരുന്ന ലക്ഷ്യം പാപത്തിൽ നഷ്ടപ്പെട്ടവരെ കുട്ട്പിടിച്ച് ക്രിസ്തുവിന്റെ രക്ഷയിലേക്ക് അവരെ നയിക്കുക എന്നതായിരുന്നു. സാധിക്കുന്നിടത്തോളം മറ്റുള്ളവരുടെ സംസ്കാരത്തോട് യോജിക്കുവാൻ അവൻ ശ്രമിച്ചു, ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്. അവന്റെ പെരുമാറ്റവുമായി അവന്റെ വാക്കുകൾക്കു ചേർച്ചയുണ്ടായിരുന്നു, പൗലൊസിനു പറയാമായിരുന്നു, ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ (10:24 നോക്കുക).

**വാക്യം 23**. പൗലൊസ് തന്റെ പ്രയത്നങ്ങളിൽ ഏക-മനസ്സുള്ള വ്യക്തിയായിരുന്നു. ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു, അവൻ എഴു

തി. ക്രിസ്തുവിന്റെ രാജ്യവ്യാപ്തിക്ക് ഉതകുന്നതായിരുന്നു അവന്റെ ഓരോ പ്രവർത്തനവും. പാപത്തിൽ നഷ്ടപ്പെട്ട പുരുഷൻമാരുടെയും സ്ത്രീകളുടെയും പ്രയോജനത്തിനു വേണ്ടി മാത്രമായിരുന്നു അപ്പൊസ്തലൻ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നത്, അവ അവന്റെ തന്നെ വളർച്ചയ്ക്കും പരിജ്ഞാനത്തിനും വേണ്ടിയിട്ടുകൂടെയാണ്. അവൻ പറഞ്ഞു, നഷ്ടപ്പെട്ടവരെ ക്രിസ്തുവിലേക്ക് നയിക്കുന്നതിനായി, അവൻ അതിന്റെ പങ്കാളിയായിത്തീർന്നു. മേൽപ്പറഞ്ഞ എന്നർത്ഥമുള്ള "ഇത്" ഈ വാചകത്തിൽ ഇതിന്റെ (αὐτοῦ, *ഔട്ടോ*) എന്നത് പൗലൊസ് പ്രസംഗിച്ച സുവിശേഷത്തെ കുറിക്കുന്നു. അവൻ ചെയ്തതിലൂടെ, സുവിശേഷത്തിന്റെ അനുഗ്രഹങ്ങളുടെ പങ്കാളിയായി പിന്നെയും അവൻ തീർന്നു. പി.റ്റി. ഒ. റെബ്രയന്റെ പ്രസ്താവന അവസാനത്തെ കാര്യം അർത്ഥമാക്കുന്നത് "പൗലൊസിന്റെ സുവിശേഷത്തിലുള്ള പങ്കാളിത്തം പെട്ടെന്നു വളരുന്നതു," പിന്നീടവൻ കൂട്ടിച്ചേർത്തു, അവൻ സുവിശേഷത്തിന്റെ കൂട്ടുപങ്കാളിയോ അല്ലെങ്കിൽ കൂട്ടാളിയോ ആണ്.[11]

## വിരുതിലേക്കുള്ള പരിശ്രമം
## (9:24-27)

**[24]ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും, ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളൂ എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവിധം ഓടുവിൻ. [25]അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും ഗർജനം ആചരിക്കുന്നു. അതോ അവർ വാടുന്ന കിരിടവും, താനോ വാടാത്തതും പ്രാപിക്കേണ്ടതിനു തന്നെ. [26]ആകയാൽ ഞാൻ, നിശ്ചയമില്ലാത്തവിധമല്ല ഓടുന്നത്; ആകാശത്തെ കുത്തുന്നതുപോലെയല്ല, ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്; [27]മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം, ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്, എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച്, അടിമകയാക്കുകയത്രേ ചെയ്യുന്നത്.**

ആരംഭമായി 9:24 ൽ പൗലൊസ് മറ്റൊരു ഉദാഹരണം കൊടുത്തിരിക്കുന്നു, മത്സരത്തിന്റെ ഭാഷ ഉപയോഗിച്ചുകൊണ്ട് കായിക ആഭ്യാസികൾ ആദ്യ-നൂറ്റാണ്ടിൽ യവന-റോമ ലോകത്തിൽ വളരെ പ്രശസ്തരായിരുന്നു. കൃത്യമായ ഇടവേളകളിൽ കായിക മത്സരങ്ങൾ പ്രധാന പട്ടണങ്ങളിൽ നടന്നിരുന്നു, ചില സന്ദർഭങ്ങളിൽ എല്ലാ വർഷങ്ങളിലും, വിജയികളായ കായിക അഭ്യാസികൾ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങാനായി, പട്ടണങ്ങളിലൂടെയും ചെറുപട്ടണങ്ങളിലൂടെയും യാത്ര ചെയ്തിരുന്നു. ഉദ്യോഗസ്ഥർ അവരെ ആദരിക്കുന്നതിനായി സ്മാരകങ്ങൾ നിർമ്മിച്ചു; എല്ലാ ഭവനങ്ങളിലും അവരുടെ പേരുകൾ പരിചിതമായിത്തീർന്നു. ഒരു കായിക അഭ്യാസിയായിരിക്കുന്നതിന്റെ മഹത്വത്തെ യവനക്കാർ തിരിച്ചറിഞ്ഞു, ഇന്ന് പല യവനക്കാരും കായിക മത്സരങ്ങൾ സ്വപ്നം കാണുന്നതുപോലെ തന്നെ, ഉത്സാഹഭരിതരായ കാഴ്ചക്കാർ, ഇന്നത്തെ പോലെതന്നെ, ഉദ്യമത്തിലേക്കു നയിക്കപെട്ടു.

വിജയികളാകുന്ന കായിക അഭ്യാസികൾക്ക് ആദ്യ-നൂറ്റാണ്ടിലെ ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ലഭിച്ചിരുന്നു, പക്ഷേ ഈ മത്സരങ്ങളുടെ ആതിഥേയത്വം വഹിച്ചിരുന്നത് ഗ്രീസിലായിരുന്നു. യവന സാമ്പത്തിക ഉയർച്ചയും സാംസ്ക്കാരിക ഔന്നത്യവും പുഷ്പിച്ച ബി.സി. ആറ് ഏഴ് നൂറ്റാണ്ടുകളിലാ

യിരുന്നു ആദ്യ ഒളിമ്പ്യാഡ്, പാരമ്പര്യമായി കരുതുന്നത് 776 ബി. സി.യിൽ എന്നാണ്. ഒളിമ്പിയായിൽ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നതിനോട് ബന്ധപ്പെട്ടാണ് പൗരാണിക എഴുത്തുകാർ നൂറ്റാണ്ടുകളിലെ സംഭവങ്ങളെ രേഖപ്പെടുത്തിയിരുന്നത്.

ഇസ്തമിയായിലും മറ്റു സ്ഥലങ്ങളിലും നടത്തിവന്നിരുന്ന കായികാഭ്യാസങ്ങളുടെ പൂക്കൾ ആയിരിക്കാം പൗലൊസിനുള്ളത്. മറ്റ് വേദഭാഗങ്ങളിലും കായികമായുള്ള ഉദാഹരണത്തെ പൗലൊസ് ഉപയോഗിച്ചിട്ടുണ്ട് (ഗലാ. 2:2; 5:7; ഫിലി. 2:16; 2 തിമൊ. 4:7) പാൻ-ഹെലനിക് കായികാഭ്യാസങ്ങളിൽ വിജയികളാകുന്നവർക്ക് ഇലകൾ കൊണ്ടുള്ള സമ്മാനമാണ് നല്കിയിരുന്നത്, പൈതിയൻ വിനോദങ്ങളിലാണ് ഈ കിരീടങ്ങൾ നിർമ്മിച്ചിരുന്നത്, പക്ഷേ ഇസ്തമിയായിലെ ദേവദാരുവിൽ നിന്നോ അല്ലെങ്കിൽ ഒരു കാട്ടുചെടിയിൽ നിന്നോ ആവാം. ഈ കായികവിനോദങ്ങളിലൊന്നും സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവ സമ്മാനമായി കൊടുത്തിരുന്നില്ല. ഓരോ മത്സരത്തിനും ഒരു വിജയിമാത്രമാണ് ഉണ്ടായിരുന്നത്; മറ്റല്ലാവരും പരാജയപ്പെട്ടിരുന്നു. ഒരു കിരിടം നേടുന്നതിനോടാണ് പൗലൊസ് ക്രിസ്തീയ ജീവിതത്തിന്റെ അവസാനത്തെ താരതമ്യപ്പെടുത്തുന്നത് (സമ്മാനം; ഫിലി. 3:14; കിരിടം; 1 തെസ്സ. 2:19).

കായിക മത്സരങ്ങളിൽ വിജയിക്കുന്ന കായികാഭ്യാസിക്ക് നല്കിയിരുന്ന സമ്മാനത്തിന്റെ യവന പദം στέφανος, (*സ്തേഫാനൊസ്*). ഈ വാക്ക് സാധാരണയായി പരിഭാഷപ്പെടുത്തുന്നത് “കിരീടം” എന്നാണ്, ഒരു രാജാവ് ധരിക്കുന്ന ആഭരണമായ കിരീടത്തോടല്ല പൗലൊസ് ക്രിസ്ത്യാനിയുടെ പ്രതിഫലത്തെ താരതമ്യപ്പെടുത്തുന്നത്. കൂടാതെ, ഒരു വിജയിയുടെ ഇലകൾ കൊണ്ടുള്ള കിരീടം പെട്ടെന്നു വാടിപ്പോകുന്നു. പാപത്തിന് മുകളിൽ നേടുന്ന വിജയത്തിന് ക്രിസ്തു നല്കുന്ന പ്രതിഫലം, നശിച്ചുപോകുന്നതോ അഴുകിപ്പോകുന്നതോ അല്ല. വേദപുസ്തക ഉപമകൾ കിരിടങ്ങളോടുള്ള ബന്ധത്തിലും വിജയികളുടെ മുമ്പാകെ പാടുന്ന പാട്ടിലും തെറ്റിദ്ധാരണ ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ക്രിസ്തീയ ദൗത്യം സ്വയ-അച്ചടക്കവും ബുദ്ധിമുട്ടും നിറഞ്ഞതാണെന്ന് ഉള്ളതാണ് ആകെയുള്ള താരതമ്യം. ഇതത്ര എളുപ്പമുള്ള ജീവിതമല്ല. ക്രിസ്തീയ ജീവിത ശൈലിയെ കുറിച്ചാണ് പൗലൊസിന്റെ സന്ദേശം പ്രതിപാദിക്കുന്നത്. അവൻ തന്റെ സഹോദരൻമാരെ ക്ഷണിക്കുന്നത് സ്വയ-അച്ചടക്കം പരിശീലിക്കുവാനാണ്.

**വാക്യം 24**. മുമ്പുള്ള വാക്യങ്ങളിലെ പൗലൊസിന്റെ ചിന്തയുടെ ഒഴുക്ക് അറിയുന്നതിന് 9:24 മനസ്സിലാക്കുന്നതിൽ പ്രധാന്യമുണ്ട്. അപ്പൊസ്തലൻ കൊരിന്തിലുള്ളവരെ പ്രബോധിപ്പിക്കുന്നത് അവരുടെ അധികാരത്തെ അവകാശപ്പെടുന്നതിലുപരിയായി മറ്റുള്ളവരുടെ ആത്മീകനന്മയെ പരിഗണിക്കണമെന്നാണ് (8:13). അവന്റെ തന്നെ മാതൃകയെ അവൻ പിൻപറ്റണമെന്ന് അവൻ ആഗ്രഹിക്കുന്നു, സഭയെ കെട്ടുപണിചെയ്യുന്ന മാർഗ്ഗമായ പെരുമാറ്റത്തിലൂടെ. വിഗ്രഹാരാധനയെ കുറിച്ചുള്ള അവന്റെ ചർച്ച മുൻഗണനകൾ പരിഗണിക്കുന്നതിലേക്കു നയിക്കപ്പെട്ടു. അധികാരങ്ങൾ നേടുന്നതിലും പ്രധാന്യമുള്ള കാര്യമാണ് ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നത്. പൗലൊസ് അവനെ തന്നെ എല്ലാവർക്കും എല്ലാമാക്കി (9:22) എന്നുള്ളത് കർത്താവിനു വേണ്ടി ആളുകളെ നേടുവാനായാണ്. ഒരു ക്രിസ്ത്യാനിയായി ജീവിക്കുമ്പോൾ അധികാരങ്ങളെ ഒഴിവാക്കിക്കൊണ്ട് ആത്മ-നിയന്ത്രണം പരിശീലിക്കേണ്ടതായിവരും. തുടർന്നുള്ള കാര്യങ്ങൾ പറയുന്നതിനായി, പൗലൊസ് തന്റെ ശ്രദ്ധയെ

കായിക വേദിയിലേക്ക് തിരിക്കുന്നു.

ഓട്ടത്തേക്കാൾ പഴക്കമുള്ള ഒരുകായിക മത്സരമവുമില്ല. പുരുഷൻമാർ വരിയായി നിന്ന ശേഷം, ഒരു അടയാളം കിട്ടുമ്പോൾ, ലക്ഷ്യത്തിലേക്ക് ഓടുന്നു. ആദ്യമെത്തുന്ന ആൾ വിജയിക്കും. ആധുനിക ഒളിമ്പിക് കായിക വിനോദങ്ങളിൽ, മാരത്തോണിനോട് കിടപിടിക്കുന്ന മത്സരങ്ങൾ ഒന്നും തന്നെയില്ല. മറ്റു മത്സരങ്ങൾ വരികയും പോകുകയും ചെയ്യുമ്പോൾ, ഓട്ടമത്സരങ്ങൾ വ്യക്തി - പരമായി-വ്യക്തികളോടുള്ള മത്സരമായി നിലനില്ക്കുന്നു. പൗലൊസിന്റെ ഉദാഹരണത്തിൽ, മത്സരമെന്നത് മറ്റു വ്യക്തികളുടെ മേൽ ഒരു വ്യക്തി നേടുന്ന ഉയർച്ചയല്ല; ഒരു വ്യക്തി സമ്മാനം നേടുന്നതുമല്ല. പൗലൊസ് പരിഗണിക്കുന്നത് ഓട്ടത്തിന്റെ ശൈലിയെക്കുറിച്ചാണ്. നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ, എന്ന് അപ്പൊസ്തലൻ പറഞ്ഞു. വിജയിക്കുന്നവനുള്ള കിരീടം പ്രാപിക്കുമെന്ന വിശ്വാസത്തോടെ, ഒരു ക്രിസ്ത്യാനി ഉത്സാഹത്തോടെ ഓടണം.

**വാക്യം 25**. പൗലൊസിന്റെ പ്രശസ്തമായ ആത്മാവിന്റെ ഫലങ്ങളെ കുറിച്ചുള്ള പട്ടികയിൽ ആത്മ-നിയന്ത്രണം (ഗലാ. 5:22, 23), സ്വയ-ആധിപത്യം എന്നിവയുണ്ട്. ഒരു വർഷത്തിനു മുമ്പ് തന്നെ ഒളിമ്പിയായിലെത്തുന്ന കായികാഭ്യാസികൾ കടുത്ത പിശീലനത്തിലൂടെയും ഭക്ഷണക്രമത്തിലൂടെയും കടന്നുപോകുന്നു. വിജയിയായ ഒരു കായികഭ്യാസിയാകുവാനോ, ക്രിസ്ത്യാനിയായി ജീവിക്കുവാനോ ഒരു ഭയമുള്ള - വ്യക്തിക്ക് സാധിക്കുകയില്ല. അപ്പൊസ്തലന്റെ ചിന്തകൾ വിശാലപ്പെടുന്നത് ചെറുതിൽ നിന്നും വലുതിലേക്ക് എന്ന ശൈലിയിലാണ്. കായികാഭ്യാസികൾ തങ്ങളുടെ ആഗ്രഹങ്ങളെ നിയന്ത്രിക്കുകയും, വാടുന്ന കിരീടിത്തിനായി (φθαρτὸν στέφανον, *ഫ്താർട്ടോൺ സ്തേഫാനൻ*; 1 കൊ. 9:25) വലിയ ത്യാഗങ്ങൾ ചെയ്ത് വിജയിക്കുന്നു. അങ്ങനെയാണെങ്കിൽ ഒരു ക്രിസ്ത്യാനി ജഡപ്രകാരമുള്ള താല്പര്യങ്ങളെ നിയന്ത്രിച്ചുകൊണ്ട് വാടാത്ത കിരീടം പ്രാപിക്കേണ്ടത് എത്രയധികം! മുഴുവൻ ഉർജ്ജവും ഉപയോഗിച്ചു അദ്ധ്വാനിക്കുന്ന ഓട്ടക്കാരനെയാണ് പൗലൊസിന്റെ മനസ്സിലെങ്കിലും, നിത്യജീവനുവേണ്ടി ക്രിസ്ത്യാനികൾ അന്യേന്യം മൽസരിക്കണമെന്ന് പൗലൊസ് പറയുന്നില്ല. യവന കായിക വേദികളിൽ സംഘം ചേർന്നുള്ള കായിക മത്സരങ്ങൾ ഇല്ലായിരുന്നു, എന്നാൽ സ്വർഗ്ഗരാജ്യത്തിലെ ജീവിതം ക്രിസ്ത്യാനികളോടു മറ്റുള്ളവരെയും നിത്യജീവിനിലേക്കു ക്ഷണിക്കുവാൻ ആവശ്യപ്പെടുന്നു. തുടർന്നു വരുന്ന വേദഭാഗങ്ങളിൽ അപ്പൊസ്തലൻ ഈ ചിന്തയെ കുറിച്ച് പ്രതിപാദിക്കുന്നു, മറ്റൊരു ഉദാഹരണത്തിന്റെ സഹായത്താൽ എല്ലാവരും ഒത്തൊരുമിച്ച് എല്ലാവരുടെയും നന്മക്കുവേണ്ടി പ്രവർത്തിക്കണമെന്ന് പ്രസ്താവിക്കുന്നു (12:12).

**വാക്യം 26**. ഉദ്ദേശമില്ലാത്ത പെരുമാ്റം ക്രിസ്തീയ ജീവിതത്തെ നിർവ്വചിക്കുന്നില്ല. ഒരു കായികാഭ്യാസി അന്തിമരേഖയിലേക്കു ശ്രദ്ധിക്കുന്നതുപോലെ, ഒരു ഉദ്ദേശത്തോടുകൂടിയുള്ള അവസാനത്തിലേക്ക് തന്റെ ജീവിതം അടുത്തുകൊണ്ടിരുന്നുവെന്ന് പൗലൊസ് മനസ്സിലാക്കിയിരുന്നു. യേശുക്രിസ്തുവിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുക എന്നുള്ളതായിരുന്നു അവന്റെ ലക്ഷ്യം. യേശുവിനെപോലെ, പൗലൊസ് വിജയത്തെ പ്രതീക്ഷിച്ചിരുന്നു; മനുഷ്യരുടെ ആത്മാക്കളെ നേടുന്നതിലൂടെയും, പാപത്തിൽ നിന്ന് അവരെ വീണ്ടെടുക്കുന്നതിലും പാപമോചനത്തിലേക്ക് നയിക്കുന്നതിലൂടെയുമാണത്. കർത്താവിൽ നിന്ന് ആത്മാക്കളെ അകറ്റുന്ന വ്യർത്ഥമായുള്ള അധികാരത്തെ

കുറിച്ച് സംസാരിച്ച് സമയം കളയുവാൻ അപ്പൊസ്തലൻ ആഗ്രഹിക്കുന്നില്ല.

അപ്പൊസ്തലൻ തന്റെ ശ്രദ്ധയെ ഓട്ടക്കളത്തിൽ ഓടുന്നവരിൽ നിന്നും മാറ്റി, അങ്കം പൊരുതുന്നവർ എന്നവരിലേക്കു കൊണ്ടുവരുന്നു. ആകാശത്തെ കുത്തുന്നതുപോലെയല്ല, ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്, എന്നവനെഴുതി. മുഷ്ടിയുദ്ധം ഒരു ക്രൂര വിനോദമായിരുന്നു യവന-റോമ കായികാഭ്യാസികളുടെ ഇടയിൽ. ഒരു സാധാരണ ഓട്ടക്കാരൻ ഒരു മാരത്തൺ ഓട്ടക്കാരനിൽ നിന്നും വ്യത്യസ്തനായിരുന്നു. ഒരു ആത്മ നിയന്ത്രണമുള്ള കായികാഭ്യാസിയുടെ അച്ചടക്കം ക്രിസ്തീയ ജീവിതത്തിന് അനിവാര്യമാണ്.

**വാക്യം 27.** ഇതെഴുതുമ്പോൾ നിസ്സംശയം പറയാനാകുന്നത് പൗലൊസിന്റെ മനസ്സിൽ സന്യാസ ജീവിതമാണുണ്ടായിരുന്നത്, "ശരീരാഭ്യാസം അല്പ പ്രയോജനമുള്ളതത്രേ" (1 തിമൊ. 4:8). വെളിവാകുന്നത്, കുറച്ചു മൂല്യം - സ്വയ-ത്യാഗത്തിന് അപ്പൊസ്തലൻ നല്കുന്നു എന്നതാണ്. എന്തായിരുന്നാലും സന്യാസ ജീവിതത്തിന് എന്തെല്ലാം ആത്മീക അനുഗ്രഹങ്ങളുണ്ടായിരുന്നാലും, ഇതു പറയുമ്പോൾ പൗലൊസിന് സ്വയം - കൃതമായ വേദനകളായിരിക്കില്ല മനസ്സിലുണ്ടായിരുന്നത്, എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു. ഉദ്ദേശപൂർണ്ണമായ ജീവിതത്തെ കുറിച്ചാണ് പൗലൊസ് എഴുതിയത്. സ്വയ-അച്ചടക്കം, പൗലൊസ് പറഞ്ഞു, വിശുദ്ധ ജീവിതത്തോട് ബന്ധപ്പെടുത്തുക, ഉപയോഗമുള്ള ഒരു ഉദ്ദേശത്തിലൂടെ സേവിക്കുക. ക്രിസ്ത്യാനികളുടെ രക്ഷകനും രാജാവുമായവനെ ബഹുമാനിക്കുന്ന ജീവിതമാണ് ഇതിന്റെ അവസാനം.

ഒരു അപ്പൊസ്തലനായിരിക്കുന്നതു സുവിശേഷം പ്രസംഗിക്കുവാനായി ഒരുവന്റെ ജീവിതം ഉപയോഗിക്കുന്നതും അന്ത്യനാളിലെ അവന്റെ വീണ്ടെടുപ്പിന് ഉറപ്പ് നല്കില്ലെന്ന് പൗലൊസ് മനസ്സിലാക്കിയിരന്നു. മഹാപാപിയായിരിക്കുവാനുള്ള സാധ്യത അവനുമുണ്ടായിരുന്നു. അവനും കൊരിന്തിലെ ക്രിസ്ത്യാനികളും അവരെ തന്നെ അച്ചടക്കത്തിൽ നയിക്കേണ്ടിയിരുന്നു കാരണം പാപത്തൽ നിന്ന് വീണ്ടെടുക്കപ്പെട്ട ഒരുവൻ ക്രിസ്തുവിൽ നിന്ന് പിൻമാറി കൊള്ളരുതാത്തവനായി തീരുവാൻ സാധ്യതയുണ്ട്. ആളുകളുടെ വിശ്വാസക്കപ്പൽ ചിലപ്പോൾ തകരാറുണ്ട് (1 തിമൊ. 12:19, 20). "കൊള്ളരുതാത്തവൻ" (ἀδόκιμος, *അഡോക്കിമോസ്*) എന്ന പദത്തിന്റെ യവനപദം പരിഭാഷപ്പെടുത്തിയാൽ പരിശോധനയിൽ പരാജയപ്പെട്ടവൻ എന്നാണർത്ഥം. വിതറിംഗ്ടൺ കൃത്യമായി പറഞ്ഞിട്ടുണ്, ക്രിസ്തുവിന്റെ ന്യായപ്രമാണം പിന്തുടരുവാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ പൗലൊസിനും അവന്റെ ശ്രോതാക്കൾക്കും കിരീടം നഷ്ടമാകുവാൻ വ്യക്തമായ സാധ്യതയുണ്.[12]

## പ്രായോഗികത

### സ്വാതന്ത്ര്യം പരിത്യജിക്കുന്ന അധികാരം

സാധാരണയായി, ഒരു വ്യക്തി സ്വാതന്ത്ര്യത്തെ പരിശീലിക്കുവാൻ അത് സ്ഥാപിക്കുകയാണ് ചെയ്യുന്നത്. ആഫ്രോ-അമേരിക്കൻ പൗരൻമാർ സ്ത്രീകൾ എന്നിവർ അമേരിക്കയിൽ വോട്ട് ചെയ്യാനുള്ള അവകാശം നേടിയപ്പോൾ, അവർ വോട്ട് ചെയ്തു. സൈദ്ധാന്തികമായി മാത്രം അംഗീകരിക്കപ്പെടുന്ന അവകാശത്തിനു വേണ്ടി ചില ആളുകൾ പോരാടുവാനും മരിക്കുവാനും തയ്യാറായി. ഒരു വ്യക്തി പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരാത്ത ഒരു

അധികാരത്തിന്റെ വിലയെന്ത്? എന്തായിരുന്നാലും പൗലൊസ് ഉപയോഗിക്കാതിരിക്കുവാൻ തീരുമാനിച്ച സ്വാതന്ത്ര്യത്തെ അവൻ പ്രതിരോധിച്ചു. പരിച്ഛേദന ചെയ്തവനായോ അഗ്രചർമ്മിയായോ ആയിരിക്കുവാൻ ഒരു ക്രിസ്ത്യാനിക്ക് സ്വാതന്ത്ര്യമുണ്ട്, എന്നവൻ പറഞ്ഞു. (ഗലാ. 5:6); പക്ഷേ അഗ്രചർമ്മിയായി തുടരുന്നത് ക്രിസ്തുവിനെ പ്രസംഗിക്കുവാനുള്ള അവസരം ഇല്ലാതാക്കിയേക്കാം, പൗലൊസ് തിമൊഥെയൊസിനെ പരിച്ഛേദന കഴിപ്പിച്ചു (പ്രവൃ. 16:3). സാമ്പത്തിക സഹായം സ്വീകരിക്കുവാൻ അധികാരമുണ്ടെന്ന് പൗലൊസ് അവകാശപ്പെടുന്നു (1 കൊ. 9:14; ഗലാ. 6:6), എന്നിട്ടും കൊരിന്ത്യ സഭയിൽ നിന്നും ഭൗതിക സഹായങ്ങൾ നിരസിക്കുകയാണ്. പൗലൊസ് ചെയ്തത് (1 കൊ. 9:12). ഉപയോഗിക്കുവാനായി മനസ്സില്ലാത്ത അധികാരങ്ങളെയാണ് പൗലൊസ് സ്ഥാപിച്ചത്.

8 ഉും 9 ഉും അദ്ധ്യായങ്ങളിൽ പൗലൊസിന്റെ ചർച്ചയുടെ ഹൃദയം എന്നത് വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുവാൻ തങ്ങൾക്ക് അധികാരമുണ്ടെന്നുള്ള കൊരിന്തിലെ സഹോദരങ്ങളുടെ വാദമാണ്. കച്ചവട സ്ഥലത്തുനിന്നു വാങ്ങിയ മാംസം വിഗ്രഹങ്ങളുടെ മുമ്പിൽ സമർപ്പിച്ചതുകൊണ്ട് ആത്മീകമായി കളങ്കപ്പെടുന്നില്ല എന്നാണ് പൗലൊസ് പറയുന്നത് (10:25); എന്തായിരുന്നാലും, ഇല്ലാത്ത ദേവനെ പുകഴ്ത്തുന്ന ആചാരത്തോടു ബന്ധപ്പെട്ട് വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് പാപമാകുന്നത് പൗലൊസ് ഉറച്ചിരുന്നു (10:21 നോക്കുക). വിശ്വാസത്തിനോ ജ്ഞാനത്തിനോ പ്രത്യക്ഷമാകുന്ന പ്രവൃത്തിയെ മാറ്റുവാൻ കഴിയില്ല: വിഗ്രഹാരാധന. വിഗ്രഹങ്ങളുടെ മേശയിൽ ഭക്ഷണത്തിനിരിക്കുന്നതിലൂടെ തെറ്റായ ഒരു സ്വാധീനം ക്രിസ്ത്യാനികൾക്ക് മറ്റുള്ളവരുടെ മേൽ ഉണ്ടായേക്കാം. എന്നാണ് പൗലൊസ് ചൂണ്ടിക്കാണിക്കുന്നത്. ഒരു ക്രിസ്ത്യാനി വിഗ്രഹാരാധനയെ ഒഴിവാക്കികൊണ്ട് വിഗ്രഹങ്ങളുള്ള ക്ഷേത്രത്തിൽ വച്ച് ഭക്ഷിക്കുമ്പോൾ, അവൻ ഒരു പക്ഷേ ബലഹീന സഹോദരനെ പാപത്തിലേക്ക് നയിക്കുവാൻ കാരണമായേക്കാം (8:9). ബലഹീനനെ ഓർത്ത് ഒരു ശക്തനായ ക്രിസ്ത്യാനി സ്വാതന്ത്ര്യത്തെ വേണ്ടെന്ന് വയ്ക്കുവാൻ തയ്യാറാകുന്നു.

ഇന്നത്തെ ക്രിസ്ത്യാനികൾക്കും ഇതുപോലെയുള്ള ആശയ കുഴപ്പങ്ങൾ ഉണ്ടാവാം. ഒരു ബലഹീന സഹോദരന്റെ മനസ്സാക്ഷിയെ ഓർത്ത് അധികാരത്തെ ഒരുവൻ വിട്ടുകളയുമ്പോൾ, മറ്റുള്ളവരുടെ പാരമ്പര്യത്താൽ ചുറ്റപ്പെട്ടവനാകുന്നതിനെ അവൻ എപ്പോഴാണ് നിരസിക്കുന്നത്? ഇത് സാഹചര്യത്തെ ആശ്രയിച്ചിരിക്കും എന്നതാണ് വേദപുസ്തക ഉത്തരം. യേശുവിന്റെ ശിഷ്യൻമാർ കൈ കഴുകാതെ ഭക്ഷണം കഴിച്ചിരുന്നു; പരിശൻമാർക്ക് വിപരീതമായി മാനുഷിക – നിർമ്മിത അനുഷ്ഠാന നിയമങ്ങളെ ആചരിക്കുവാൻ നിർബന്ധിക്കപ്പെട്ടിരുന്നില്ല (മത്താ. 15:2; മർ. 7:5). ദിവസവും നമ്മൾ ഇടപെടുന്ന ആളുകളുടെ മനസ്സാക്ഷിക്ക് അനുസരിച്ച് ജീവിക്കുക എന്നത് സാധ്യമല്ല. എന്നായിരുന്നാലും, ചില സാഹചര്യങ്ങളിൽ, കൂടെയുള്ള ക്രിസ്ത്യാനികൾ വേദപുസ്തകത്തെ വ്യാഖ്യാനിക്കുന്നതിന്റെ ആത്മാർത്ഥതയെ നമുക്കു മനസ്സിലാക്കാവുന്നതാണ്, ഇത്തരം സാഹചര്യങ്ങളിൽ നമ്മുടെ അവകാശങ്ങളെ പ്രായോഗി കമാക്കുന്നതിനു പകരം സഹോദരന് ഇടർച്ചയ്ക്ക് കാരണമാകുന്ന അധികാരങ്ങളെ ഒഴിവാക്കുവാൻ തയ്യാറാകണം.

### വിവാഹം മാന്യമാണ്

ശരിയല്ലാത്ത രീതിയിൽ സമുദായങ്ങളിൽ തലയിടുക എന്നുള്ളത് സന

ന്യാസ ജീവിതത്തിൽ സാധാരണയായി ഉള്ളതാണ്. സന്യാസ ജീവിതത്തിന്റെ ഒരു ഭാഗമായി കാണാവുന്നതാണ് ബ്രഹ്മചര്യം. ഒരു ബ്രഹ്മചര്യ ജീവിതത്തെക്കാൾ വിശുദ്ധി കുറവായിരിക്കും ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നവർക്കെന്ന് ചില ആളുകൾ വേദപുസ്തക സഹായമില്ലാതെ തർക്കിച്ചു. ഒരു ക്രിസ്ത്യാനി ഉപവസിക്കുകയും ഭക്ഷണം ഒഴിവാക്കുന്നതിലൂടെയും ആത്മീക വളർച്ച നേടുന്നതുപോലെ, ലൈംഗിക സന്തോഷങ്ങൾ ഒഴിവാക്കുന്നതിലൂടെയും ആത്മീക വളർച്ച നേടാനാകുമെന്ന് ചിലർ തർക്കിച്ചു. അനേകനൂറ്റാണ്ടുകൾ, റോമൻ കത്തോലിക്കാ പുരോഗിതൻമാർക്ക് വിവാഹം കഴിക്കുവാൻ അനുവാദമില്ലായിരുന്നു. ഇതിനെതിരായി, എബ്രായ ലേഖന കർത്താവ് ഇങ്ങനെ എഴുതി, വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ (എബ്രാ. 13:4) – വിശ്വാസത്തെ ത്യജിക്കുന്നവരുടെ കൂട്ടത്തിലാണ് വിവാഹം വിലക്കുന്നവരെ പൗലൊസ് ഉൾപ്പെടുത്തിയിരിക്കുന്നത് (1 തിമൊ. 4:1–3). ഇതിനോടുകൂടെ, പൗലൊസ് 1 കൊരിന്ത്യർ 9:5ൽ എഴുതിയത് ശേഷം അപ്പൊസ്തലന്മാരും കർത്താവിന്റെ സഹോദരൻമാരും കേഫാവും ചെയ്യുന്നതുപോലെ ഭാര്യയായോരു സഹോദരിയുമായി സഞ്ചരിപ്പാൻ ഞങ്ങൾക്കു അധികാരമില്ലയൊ? വൈവാഹിക ജീവിതത്തേക്കാൾ ആത്മികമായി ഉന്നതമാണ് ബ്രഹ്മചര്യം എന്ന് അവകാശപ്പെടുന്നവരെ വേദപുസ്തകം പിൻതാങ്ങുന്നില്ല.

**വേലക്കാരൻ കൂലിക്കു യോഗ്യൻ**

ഒരു പ്രാദേശിക സഭ സാമ്പത്തിക പ്രതിഫലങ്ങൾ നല്കാതെ ഒരു ഉപദേഷ്ടാവിനെ പ്രത്യേകസാഹചര്യത്തിൽ സഭയിലാക്കിയിരിക്കുയാണെങ്കിൽ പോലും, അവന്റെ കുടുംബത്തെ പോറ്റുവാനായി സഭയിൽ നിന്നും സാമ്പത്തിക സഹായം ആവശ്യമാണ്. വേദ പുസ്തക ഉപദേശവും ദൈവരാജ്യത്തിലെ വേലക്കാർക്കുള്ള സാമ്പത്തിക സഹായവും സമൃദ്ധമാണ്. പൗലൊസ് മോശയുടെ വാക്കുകളെ കടമെടുത്തു, കാള മെതിക്കുമ്പോൾ അതിന്നു മുഖക്കോട്ട കെട്ടരുത് (ആവ. 25:4), ഒരു അപ്പൊസ്തലനോ ഒരു മൂപ്പനോ ആത്മാക്കൾക്കു വേണ്ടി അദ്ധ്വാനിക്കുമ്പോൾ അവരുടെ പ്രയത്നങ്ങൾക്കു ഭൗതിക സഹായം നല്കണം (1 കൊ. 9:9; 1 തിമൊ. 5:18) കൂടാതെ, സുവിശേഷകൻമാർക്കും ദൈവരാജ്യത്തിനായി പ്രവർത്തിക്കുന്ന മറ്റുള്ളവർക്കും ഈ ആശയം ഒരുപോലെ പ്രായോഗികമാണ്. 1 തിമൊഥെയൊസ് 5:18ൽ, യേശു പന്ത്രണ്ടു ശിഷ്യൻമാർക്കു ദൗത്യം പകർന്നു നല്കിയപ്പോൾ ഉപയോഗിച്ച പ്രസ്താവനയാണ് പൗലൊസ് കടമെടുത്തിരിക്കുന്നത്: “വേലക്കാരൻ തന്റെ ആഹാരത്തിന്നു യോഗ്യനല്ലോ” (മത്താ. 10:10 നോക്കുക). ഗലാത്യർക്ക്, അപ്പൊസ്തലൻ എഴുതി, വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന്നു എല്ലാ നന്മയിലും ഓഹരി കൊടുക്കേണം (ഗലാ. 6:6). ഫിലിപ്യ സഭ സഹായിച്ചതിലുള്ള സന്തോഷത്തെ പൗലൊസ് വ്യക്തമാക്കി (ഫിലി. 4:15; 2 കൊ. 11:9 നോക്കുക).

ഉപദേഷ്ടാക്കൻമാർക്ക് സമൃദ്ധമായ രീതിയിൽ സാമ്പത്തിക സഹായം കൊടുക്കണമെന്ന് തിരുവെഴുത്തുകളിൽ പ്രസ്താവിക്കുന്നു, പക്ഷെ ഇതിനെ കുറിച്ചുള്ള വിശദീകരണം ആശ്രയിച്ചിരിക്കുന്നത് കൊടുക്കുന്നവരുടെ തീരുമാനത്തെയാണ്. വാടകയ്ക്കെടുക്കപ്പെട്ട കരങ്ങളല്ല സഭയ്ക്കു വേണ്ടി അദ്ധ്വാനിക്കുന്നത്. പണത്തിനുവേണ്ടി മാത്രം ഒരു സുവിശേഷപ്രസംഗികൻ പ്രവർത്തിക്കുമ്പോൾ ഓർമ്മ വരുന്നത് ഇടയനെയും കള്ളനെയും കുറിച്ചുള്ള

യേശുവിന്റെ പരാമർശമാണ് (യോഹ. 10:11, 12). ദൈവരാജ്യത്തിലെ എല്ലാ മുഴു-സമയപ്രവർത്തകരും ആത്മാക്കളെ അന്വേഷിക്കണം. ക്രിസ്തുവിനെ പ്രസംഗിക്കുവാൻ ജീവിതം നല്കിയ ഒരു വ്യക്തി എപ്പോഴും കൂടുതൽ കൂലി ആഗ്രഹിക്കുകയാണെങ്കിൽ അതു കർത്താവിനും അവന്റെ ജനത്തിനും നിരക്കാത്തതാണ്. അതേ സമയം തന്നെ, അവന്റെ കുടുംബാവശ്യങ്ങൾ നിറവേറ്റുവാൻ ആവശ്യമുള്ള കൂലി ലഭിക്കുവാനുള്ള അവകാശവും അവനുണ്ട്.

സുവിശേഷത്തെ വ്യാപിപ്പിക്കുവാനായി സമയവും ഊർജ്ജവും ഉപയോഗിക്കുന്നവരെ നല്ല രീതിയിൽ പരിഗണിക്കുവാനുള്ള കടമ സഭകൾക്കുണ്ട്, പൗലൊസ് അത് വ്യക്തമാക്കി: അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു (1 കൊ. 9:14). എന്താണ് നല്ല പരിഗണന എന്നത് സഭ എടുക്കുന്ന തീരുമാനത്തെ അനുസരിച്ചിരിക്കും. പൊതുനിയമ പ്രകാരം,ഒരു സുവിശേഷകന് വളരെ ആദായകരമായ ശമ്പളമോ സഭയിൽ ഉള്ളവരിൽ ഏറ്റവും കുറവു ശമ്പളമോ ആകരുത്. ഒരു ഉപദേഷ്ടാവിന്റെ ഊർജ്ജം, സ്വാഭാവിക കഴിവുകൾ, പരിശീലനം, ഉറപ്പ്, മാതൃക, അറിവ് എന്നിവയെല്ലാം പരിഗണിച്ചായിരിക്കേണം ഒരു തുക നിശ്ചയിക്കേണ്ടത്.

ഒരുവന്റെ ഹൃദയത്തിലുണ്ടാകുന്ന അത്യാഗ്രഹത്തിന്റെ അടിസ്ഥാനത്തിലായിരിക്കരുത്. ഒരു മുഴു-സമയ പ്രവർത്തകനായി ക്രിസ്തുവിനെയും സഭയെയും സേവിക്കേണ്ടത്. അത്യാഗ്രഹമായി മനുഷ്യനിൽ പ്രവർത്തിക്കാവുന്ന അവനെ നശിപ്പിക്കുവാൻ പ്രാപ്തിയുള്ള ചില പ്രലോഭനങ്ങളുണ്ട്. അതിന്റെ കേന്ദ്രബിന്ദു, വിശ്വാസ കുറവ് എന്നതാണ്. അത്യാഗ്രഹം ദൈവസ്നേഹം കർന്നുകൊണ്ട് ഒരിക്കലും സംതൃപ്തി നല്കാത്ത വസ്തുക്കളിൻമേലുള്ള സ്നേഹത്തിൽ നയിക്കുന്നു.

### വേദഭാഗത്തിന്റെ ആലങ്കാരികമായുള്ള ഉപയോഗം

പൗലൊസിന്റെ 9:8,9 ലെ ചർച്ച കാണിക്കുന്നത്, ഒരു ദൈവവിശ്വാസമുള്ള അപ്പൊസ്തലൻ എന്ന നിലയിൽ, പഴയ നിയമത്തിലെ ഒരു വേദഭാഗമെടുത്ത് ആലങ്കാരിക അർത്ഥം നല്കുവാൻ അവന് അധികാരമുണ്ട് എന്നതാണ്. എന്തായിരുന്നാലും ക്രിസ്ത്യാനികൾ ഒരു വേദപുസ്തക പ്രസ്താവന ഇതിൽ നിന്നെടുത്ത് പ്രായോഗികമാക്കണമോ? ഇങ്ങനെ നമുക്കു ഉപസംഹരിക്കാം: വേദഭാഗത്തിന്റെ ആലങ്കാരികമായുള്ള ഉപയോഗം ഇന്ന് വ്യാഖ്യാനികളുടെ അഭിപ്രായത്തെ ആശ്രയിച്ചിരിക്കും. വേദപുസ്തക എഴുത്തുകാരൻ ആലങ്കാരികമായി ഉപയോഗിച്ചതിന്റെ അപ്പുറത്തേക്ക് ക്രിസ്ത്യാനികൾ ഒരു വേദപുസ്തക പ്രസ്താവന ഇതിൽ നിന്നെടുത്ത് പ്രായോഗികമാക്കണമോ? ഇങ്ങനെ നമുക്കു ഉപസംഹരിക്കാം വേദഭാഗത്തിന്റെ ആലങ്കാരികമായുള്ള ഉപയോഗം ഇന്ന് വ്യാഖ്യാനികളുടെ അഭിപ്രായത്തെ ആശ്രയിച്ചിരിക്കും. വേദപുസ്തകം എഴുത്തുകാരൻ ആലങ്കാരികമായി ഉപയോഗിച്ചതിന്റെ അപ്പുറത്തേക്ക് ക്രിസ്ത്യാനികൾ പോകേണ്ട  ആവശ്യമില്ല എന്നതായിരിക്കും ഉചിതമായ നിർണ്ണയം.

---

കുറിപ്പുകൾ

[1]ഡേവിഡ് ഇ. ഗാർലന്റ്, *1 കൊരിന്ത്യർ*, ബേക്കൽ എക്സ്ജെറ്റിക്കൽ കമന്ററി ഓൺ ദി ന്യൂ ടെസ്റ്റാമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: അക്കാഡമിക്, 2003), 405.

[2]അപ്പൊസ്തലൻ (ἀπόστολος, *അപ്പൊസ്തോലൊസ്*) എന്ന പദം 2 കൊരിന്ത്യർ 8:23 ൽ “ദൂതൻമാർ” എന്നും തർജ്ജിമ ചെയ്തിരിക്കുന്നു, ഫിലിപ്പിയർ 2:25 ൽ “സന്ദേശവാഹകർ”’എന്നാണ്. [3]ജോൺ പേയ്ന്റർ, *യാക്കോബ്: ദ ബ്രദർ ഓഫ് ജീസസ് ഇൻ ഹിസ്റ്ററി ആൻഡ് ട്രെഡിഷൻ*, 2ാം എഡി. (കൊളംബിയ, എസ്. സി.: യൂണിവേ ഴ്സിറ്റി ഓഫ് സൗത്ത് കരോലിനാ പ്രസ്, 2004), 159–81. [4]യവന - റോമ ഉറവിടങ്ങൾ സൂചിപ്പിക്കുന്നത് സാർവ്വത്രികമായി അദ്ധ്വാന ത്തെ വെറുക്കുന്നില്ല എന്നാണ്. ഈ വാദം ഒരിക്കലും സമ്പന്നർ തങ്ങളെ ശുശ്രൂഷിച്ചിരുന്നവരുടെ ശുശ്രൂഷയെ പുകഴ്ത്തുന്നു എന്ന് പ്രസ്താവിക്കു ന്നില്ല. (റോബർട്ട് എം. ഗ്രാന്റ്, *ഏർലി ക്രിസ്റ്റ്യാനിറ്റി ആൻഡ് സൊസൈറ്റി.* [ലൻ: കൊളിൻസ്, 1977], 66–95.) [5]പുരോഹിതൻമാരെക്കുറിച്ചുള്ള ഒരു സംഗ്രഹം യവന-റോമ കാലഘട്ടത്തിലുള്ളത് ഉൾപ്പെട്ടിരിക്കുന്നത് എവറെറ്റ് ഫെർഗ്യൂസൺ, *ബാക്ഗ്രൗ ഓഫ് ഏർലി ക്രിസ്റ്റ്യാനിറ്റി* (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: ഡബ്ളിയൂ എം. ബി. എയർഡ്മാൻസ് പബ്ലിഷിംഗ് കൊ., 1987), 141–43. [6]ഗാർലന്റ്, 415. [7]റുഡോൾഫ് ബൾട്ട്മാൻ, “καυχάομαι,” ഇൻ *തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദി ന്യൂ ടെസ്റ്റാമെന്റ്*, എഡ്. ഗെർഹാഡ് കിട്ടേൽ, ട്രാൻസ്. ജെഫ്റി ഡബ്ലിയു. ബ്രോ ംലി (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: ഡബ്ലിയു. ബി. എഡ്മാൻസ് പബ്ലിഷിംഗ് കൊ., 1965), 3:645–54. [8]വാൾട്ടർ വൗവ്വർ, *എ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദി ന്യൂ ടെസ്റ്റാ മെന്റ് ആൻഡ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ാം എഡ്. റവ. ആൻഡ്. ഫെഡ്റിക് വില്യം ഡാൻകർ (ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രസ്, 2000) 313. [9]ഹെർമൻ റൈഡർബോസ്, *പോൾ: ആൻ ഔട്ട്ലൈൻ ഓഫ് ഹിസ് തിയോ ളജി*, ട്രാൻസ്. ജോൺ റിച്ചാർഡ് ഡെവിറ്റ് (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: ഡബ്ലിയു. ബി. എഡ്മാൻസ് പബ്ലിഷിംഗ് കൊ., 1975), 284–86.

[10]ബെൻ വിതറിംഗ്ടെൺ കകക, *കോൺഫ്ളിക്റ്റ് ആൻഡ് കമ്മ്യൂണിറ്റി ഇൻ കൊരിന്ത്: എ സോഷ്യോ - റെറ്റോറിക്കൽ കമന്ററി ഓൺ 1 ആൻഡ് 2 കൊരിന്ത്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: ഡബ്ലിയു എം. ബി.എഡ്മാൻസ് പബ്ലിഷിംഗ് കൊ., 1995), 213. [11]പി. റ്റി. ഒബ്രെയൺ, *ഗോസ്പൽ ആൻഡ് മിഷൻ ഇൻ ദി റൈറ്റിംഗ്സ് ഓഫ് പോൾ: ആൻ എക്സജെറ്റിക്കൽ ആൻഡ് തിയോളജിക്കൽ അനാലിസിസ്* (ഗ്രാന്റ് റാപ്പിഡ്സ്, മിഷ്.: ബേക്കർ ബുക്സ്, 1995), 96. [12]വിതറിംഗ്ടൺ, 214.